## അദ്ധ്യായം പതിനെട്ട്

# ശുശ്രൂഷാവരങ്ങൾ

### (The Ministry of Gifts)

> ഓരോരുത്തർക്കും ക്രിസ്തുവിന്റെ ദാനത്തിന്റെ അളവിന്നു തക്കവണ്ണം കൃപ ലഭിച്ചിരിക്കുന്നു.... അവൻ ചിലരെ അപ്പോസ്തലന്മാരായും, ചിലരെ പ്രവാചകന്മാരായും, ചിലരെ സുവിശേഷകന്മാരായും ചിലരെ ഇടയന്മാരായും, ചിലരെ ഉപദേഷ്ടാക്കന്മാരായും നിയമിച്ചിരിക്കുന്നു. അതു നാം എല്ലാവരും വിശ്വാസത്തിലും ദൈവപുത്രനെക്കുറിച്ചുള്ള പരിജ്ഞാനത്തിലുള്ള ഐക്യതയും തികഞ്ഞ പുരുഷത്വവും ക്രിസ്തുവിന്റെ സമ്പൂർണ്ണമായ പ്രായത്തിന്റെ അളവും പ്രാപിക്കുവോളം വിശുദ്ധന്മാരുടെ യഥാസ്ഥാനത്തിനായുള്ള ശുശ്രൂഷയുടെ വേലയ്ക്കും ക്രിസ്തുവിന്റെ ശരീരത്തിന്റെ ആത്മീകവർദ്ധനയ്ക്കും ആകുന്നു (എഫേ 4:7, 11–13).

> ദൈവം സഭയിൽ, ഒന്നാമതു അപ്പോസ്തലന്മാർ, രാമതു പ്രവാചകന്മാർ, മൂന്നാമതു ഉപദേഷ്ടാക്കന്മാർ, ഇങ്ങനെ ഓരോരുത്തരെ നിയമിക്കുകയും പിന്നെ വീര്യപ്രവൃത്തികൾ, രോഗശാന്തിയുടെ വരം, സഹായം ചെയ്യുവാനുള്ള വരം, പരിപാലനവരം, പലവിധഭാഷാവരം എന്നിവ നൽകുകയും ചെയ്തു (1 കൊരി 12: 28).

അപ്പോസ്തലന്മാർ, പ്രവാചകന്മാർ, സുവിശേഷകന്മാർ, ഇടയന്മാർ, ഉപദേഷ്ടാക്കന്മാർ ഇങ്ങനെ ശുശ്രൂഷക്ക് വ്യത്യസ്തമായ വിളികളു്. ഒരുവന് സ്വയം തിരഞ്ഞെടുക്കാവുന്ന ഒരു പദവിയല്ലാ ഇത്. വിളിയും തിരഞ്ഞെടുപ്പും ദൈവിക പദ്ധതിയാണ്. ഒരുവന് ഈ അഞ്ച് പദവിയും ലഭിക്കുകയില്ല. ഒന്നിൽ കൂടുതൽ സ്ഥാനങ്ങൾ ഒരേ സമയം നിർവ്വഹിച്ചു എന്നു വന്നേക്കാം. ഒരുവൻ ഇടയൻ ആയിരിക്കത്തന്നെ ഉപദേഷ്ടാവോ പ്രവാചകനോ ആയി പ്രവർത്തിച്ചു എന്നു വന്നേക്കാം. ഇടയനായി ഒരു ചെറിയ കൂട്ടത്തെ പ്രാദേശിക സഭയിൽ പരിപാലിക്കുന്നതോടൊപ്പം പലയിടത്തും സഞ്ചിരിച്ച് സുവിശേഷകനായി ശോഭിക്കുവാൻ കഴിയും.

ഈ അഞ്ചുതരം ശുശ്രൂഷചെയ്യാൻ വ്യത്യസ്തമായ കൃപകൾ വേണം. എന്നാൽ ഇതിന്റെ എല്ലാം പൊതുവായ ഉദ്ദേശം ദൈവിക ശുശ്രുഷയും ക്രിസ്തുവിന്റെ ശരീരമാം സഭയുടെ ആത്മികവർദ്ധനയും ആകുന്നു (എഫേ 4:12).[60]

ശുശ്രൂഷക്കായി വിശുദ്ധന്മാരെ ഒരുക്കിയെടുക്കുകയാണ് ഓരോ ശുശ്രൂഷകന്റെയും ലക്ഷ്യം. പലപ്പോഴും ശുശ്രൂഷക്കായി വിളിക്കപ്പെട്ടവർ

60. യേശുവിന്റെ ശിഷ്യന്മാരെ വാർത്തെടുക്കുക എന്നൊരു ചൊല്ല്

മറ്റുള്ളവരെ ശുശ്രൂഷക്ക് ഒരുക്കുക എന്ന ലക്ഷ്യംമറന്ന് ജഡീകന്മാർക്കുവേി സഭകളിൽ ശുശ്രൂഷിച്ച് പോരുകയാണ് പതിവ്. വിളിയും തിരഞ്ഞെടുപ്പും പ്രാപിച്ചവർ അവർക്ക് ലഭിച്ച കൃപയ്ക്കൊത്തവണ്ണം മറ്റുള്ളവരെ ശുശ്രൂഷക്കായി ഒരുക്കുന്നുാേ എന്ന് ശോധന ചെയ്യേതാണ്. പ ലശുശ്രൂഷകന്മാരും ശുശ്രൂഷയുടെ ലക്ഷ്യത്തെ മറന്ന് പ്രവർത്തിക്കാറു്.

## ചില ശുശ്രൂഷകൾ പഴയ നിയമസഭകൾക്ക് മാത്രം ഉള്ളതായിരുന്നുവോ?
## (Were Some Ministry Gifts Only for the Early Church?)

ശുശ്രൂഷയ്ക്കുള്ള കൃപകൾ എത്രനാളത്തേക്കാണ് സഭക്ക് നൽകിയിരിക്കുന്നത്? ജനം ശുശ്രുഷക്കായി ഒരുക്കപ്പെടുന്ന നാൾവരെ - യേശുവിന്റെ രാം വരവുവരെ. വീുംജനനം പ്രാപിച്ചു വളർച്ചകാംക്ഷിക്കുന്ന പ ുതുക്രിസ്ത്യാനികള സഭ സ്വാഗതം ചെയ്യുന്നു. ബാക്കിയുള്ളവർക്ക് ആത്മീകമായി വളരാൻ അവസരമു്.

ഇടയന്മാരും സുവിശേഷകന്മാരും എന്ന രുതരം ശുശ്രൂഷകരെ നിലവിലുള്ളൂ എന്ന് ചിലർ സമർത്ഥിക്കുന്നു. ഇത് കേട്ടാൻ വിളിയും തെരഞ്ഞെടുപ്പും എന്ന ദൈവത്തിന്റെ പദ്ധതി ദൈവം മാറ്റി എന്നു തോന്നും. ഇല്ല, പ്രാചീന സഭയ്ക്കുായിരുന്നപോലെ അഞ്ചുതരം ശുശ്രൂഷകരേയും ആധുമിക സഭയ്ക്കും അവശ്യമു്. ഇന്ന് ലോകത്തുള്ള പല സഭകൾക്കും ഈ അഞ്ചുതരം ശുശ്രൂഷകന്മാർ ഇല്ല. അതിന്റെ കാരണം ദൈവം ഇത് തന്റെ സഭയ്ക്ക് മാത്രമേ നൽകുന്നുള്ളു. അശുദ്ധവും വ്യാജവുമായ സഭകൾക്ക് ന ൽകുന്നില്ല. ഈ വ്യാജസഭകളിൽ ഇടയന്റെയോ ചില സുവിശേഷകരുടേയോ ശുശ്രൂഷകൾ മാത്രമേ വെളിപ്പെടുന്നുള്ളു. ഇവിടെയൊന്നും യേശു തന്റെ സഭയിൽ നടക്കണമെന്ന് ആഗ്രഹിച്ച ശുശ്രൂഷകൾ നടക്കുന്നില്ല. ഇന്ന് സഭകൾ വിശുദ്ധന്മാരെ ശുശ്രൂഷക്ക് ശക്തമാക്കുകയല്ല, വ്യാജസുവിശേഷത്തിലുടെ ജനത്തിന്റെ പാപം ക്ഷമിക്കപ്പെട്ടിരിക്കുന്നു എന്ന് പഠിപ്പിക്കുകയാണ്. ഇവർക്ക് ശുശ്രൂഷയ്ക്കുള്ള താത്പര്യമില്ല. സ്വയം ത്യജിച്ച് ക്രൂശ് ചുമക്കാൻ അവർക്ക് താത്പര്യമില്ല.

## നിങ്ങൾ വിളിക്കപ്പെട്ടു എന്ന് എങ്ങനെ അറിയാം
## (How Do You Know If You Are Called?)

ഒരുവൻ ഈ അഞ്ചുതരം ശുശ്രുഷകളിൽ ഒന്നിനായി വിളിക്കപ്പെട്ടിരിക്കുന്നു എന്ന് എങ്ങനെ അറിയാം? ഒന്നാമതായി, ദൈവത്താൽ താൻ വിളിക്കപ്പെട്ടു എന്ന ഒരു ബോധം ഉള്ളിൽ ഉാകും.ഏതോ ഒന്നു നിവർത്തിക്കണമെന്ന് ഉള്ളിൽ ഒരു ആത്മഭാരം ഉാകും. ഇത് ഒരാവശ്യമെന്നതിലുപരി ആർത്തിയായി മാറും. ദൈവം തന്ന ഈ ആത്മഭാരം ചില ശുശ്രൂഷകൾ ചെയ്യാൻ നമ്മെ നിർബന്ധിക്കും. ദൈവമാണ് വിളിച്ചതെങ്കിൽ, വിളിക്ക് അനുസരിച്ചുള്ള പ്രവൃത്തി നിവർത്തിയാകുന്നതുവരെ സംതൃപ്തി ഉാകുകയില്ല. എന്നാൽ ഒരു

വ്യക്തിയൊ കമ്മിറ്റിയോ ചുമതലപ്പെടുത്തുന്ന വ്യക്തിക്ക് ഇത് ഉാകയില്ല. വിളിച്ച് വേർതിരിക്കുന്നത് ദൈവമാണ്.

രാമതായി, വിളിക്കപ്പെട്ടവർ വിളിയ്ക്കു യോഗ്യമായ രീതിയിൽ ദൈവനിർണ്ണയപ്രകാരമുള്ള പ്രവർത്തിക്കുവേി സദാ പ്രവർത്തിച്ചു കൊ ിരിക്കും. തന്നിൽ പകർന്ന അഭിഷേകം വിളിക്കുയോഗ്യമായ രീതിയിൽ പ്രവർത്തിക്കാൻ പ്രോത്സാഹിപ്പിക്കും. വിളിയോടൊപ്പം അഭിഷേകവും ലഭിക്കും. അഭിഷേകം ലഭിച്ചില്ലായെങ്കിൽ വിളിക്കപ്പെട്ടിട്ടില്ലാ എന്ന് ഉറപ്പിക്കാം. നാലു വർഷം ബൈബിൾ കോളേജിൽ പഠിച്ചതുകൊ് ശുശ്രൂഷചെയ്യാൻ കഴിയുകയില്ല, വിജയപ്രദമായ ശുശ്രൂഷയ്ക്ക് അഭിഷേകം അനുപേക്ഷണികമാണ്.

മൂന്നാമതായി വിളിക്ക് അനുസരിച്ച് ലഭിച്ച കൃപയ്ക്ക് യോഗ്യമായി പ്രവർത്തിക്കുവാനുള്ള ഒരു വേദി ദൈവം ഒരുക്കിത്തരും. വിളിക്കനുസരിച്ചുള്ള വിശ്വസ്തത തെളിയിച്ചാൽ പുതിയ അവസരങ്ങളും കൃപകളും ഉത്തവാദിത്വങ്ങളും തുടർന്നും ലഭിക്കും.

ഈ അഞ്ചുതരം ശുശ്രൂഷകളിൽ ഒന്നിന് ഒരുവൻ വിളിക്കപ്പെട്ടിരിക്കുന്നു എന്ന് ബോധ്യപ്പെടുത്തുമാറ് ഉള്ളിൽനിന്ന് ഒരാത്മപ്രേരണ ഉായിരിക്കും, ദൈവം ഏല്പിച്ച ദിവ്യമായ ചുമതല ചെയ്തുതീർക്കാൻ പ്രത്യേകം അഭിഷേകം തന്നിൽ നിറയുന്നതായി അനുഭവപ്പെടും. തനിക്ക് ലഭിച്ച വിളിക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള അവസരങ്ങൾ ലഭിക്കും; ഈ അനുഭവം ഉള്ള വ്യക്തികൾ ദൈവത്താൽ വിളിക്കപ്പെട്ടവരാണ്. ഈ അനുഭവം ഇല്ലാത്തവർ ദൈവ വേലയ്ക്കായി വിളിക്കപ്പെട്ടവരല്ല. അവർ അതിൽ തുടരുന്നത് ശ്രേയസ്കരമല്ല. വിളിക്കപ്പെട്ടവൻ പ്രാദേശിക സഭയിലും, സമീപപ്രദേശത്തും, വേലസ്ഥലത്തും ഒരനുഗ്രഹം തന്നെയായിരിക്കും. അഞ്ചുതരം ശുശ്രൂഷകളിൽ ഒന്നിലേക്കു ഒരുവൻ വിളിക്കപ്പെട്ടിട്ടില്ലായെങ്കിലും ദൈവം ന ൽകിയ കൃപാ വരത്തിനൊത്തവണ്ണം പ്രവർത്തിച്ച് വിശ്വസ്തത തെളിയിച്ചാൽ ദൈവം അനുഗ്രഹത്തോടുവഴിനടത്തുകതന്നെ ചെയ്യും.

വിളിക്കപ്പെട്ടവരെല്ലാം ശുശ്രൂഷയിൽ ഒരുപോലെ ജ്വലിക്കണമെന്നില്ല. കൃപാവരങ്ങളിൽ വ്യത്യാസം ഉ്. ആത്മാവ് ഒന്നത്രേ, ശുശ്രൂഷകളിൽ വ്യത്യാസമു് (1 കൊരി 12:5). ഒരുതരം ശുശ്രൂഷചെയ്യുന്ന ശുശ്രൂഷകന്മാരുടെ ശുശ്രൂഷയിൽ തന്നെ പ്രകടമായ വ്യത്യാസമു്, അവരിൽ പകരപ്പെട്ടിരിക്കുന്ന അഭിഷേകത്തിന്റെ അളവിൽ വ്യത്യാസമു്. ഉദാഹരണത്തിന് ചില അദ്ധ്യാപകർ (ഉപദേശകർ) മറ്റ് അദ്ധ്യാപകരിൽനിന്നും വ്യത്യസ്തമായി ശോഭിക്കാറു്. മറ്റു ശുശ്രൂഷകന്മാരുടെ കാര്യത്തിലും ഇതു ശരിയാണ്. എന്റെ അഭിപ്രായത്തിൽ വിളിയും തിരഞ്ഞെടുപ്പും തിരിച്ചറിഞ്ഞ് വിശ്വസ്തതയോടെ പ്രവർത്തിച്ചാൽ അഭിഷേകം വർദ്ധിക്കുകയും ദൈവം ശുശ്രൂഷയെ മാനിക്കുകയും ചെയ്യും.

## അപ്പോസ്തലന്മാരുടെ ഉത്തരവാദിത്വത്തിലേക്ക് ഒരു എത്തിനോട്ടം (A Closer Look at the Office of Apostle)

അപ്പോസ്തലൻ എന്നു വിവർത്തനം ചെയ്തിരിക്കുന്ന അപ്പോസ്തലോസ് എന്ന ഗ്രീക്കു പദത്തിന് അയയ്ക്കപ്പെട്ടവൻ എന്നാണ് അർത്ഥം. സഭകൾ സ്ഥാപിക്കാൻ പലസ്ഥലങ്ങളിലേക്കും അയയ്ക്കപ്പെട്ട വിശ്വാസിയാണ് പുതിയനിയമഅപ്പോസ്തലൻ. ഒരു കോൺട്രാക്ടറെപ്പോലെ, ദൈവാലയത്തിന്റെ ആത്മിക അടിത്തറ ഇടുന്നത് അപ്പോസ്തലനാണ്. അപ്പോസ്തലനായ പൗലോസ് പറയുന്നു:

> ഞങ്ങൾ ദൈവത്തിന്റെ കൂട്ടുവേലക്കാർ, നിങ്ങൾ ദൈവത്തിന്റെ കൃഷി, ദൈവത്തിന്റെ ഗൃഹനിർമ്മാണം. എനിക്കു ലഭിച്ച ദൈവകൃപയ്ക്ക് ഒത്തവണ്ണം ഞാൻ ജ്ഞാനമുള്ളൊരു പ്രധാനശില്പിയായി അടിസ്ഥാനം ഇട്ടിരിക്കുന്നു; മറ്റൊരുത്തൻ മീതെ പണിയുന്നു (1 കൊരി 3:9–10a).

ഒരു പ്രധാനശില്പി, ഒരുകോൺട്രാക്ടർ, മേൽനോട്ടക്കാരൻ, പണിയുടെ പൂർണ്ണ മേൽനോട്ടം വഹിക്കുന്ന പ്രധാനശില്പി-- പൂർത്തികരിക്കപ്പെടാനുള്ള ഗൃഹത്തിന്റെ ഒരു പൂർണ്ണമായ പൂർവ്വദർശനം ഈ ശില്പിക്കുായിരിക്കും. മേസ്തിരിയെപ്പോലെയോ ആശാരിയെപ്പോലെയോ ഇദ്ദേഹം ഒരു സ്പെഷ്യലിസ്റ്റ് അല്ല. എന്നാൽ ആശാരിയുടേയും മേസ്തിരിയുടേയും പണി ചെയ്യാൻ കഴിവുള്ളവൻ പ്രധാന ശിൽപിയെപ്പോലെ അപ്പോസ്തലൻ സുവിശേഷകന്റെയും ഇടയന്റെയും പദവി അലങ്കരിക്കും എന്നാൽ സഭ സ്ഥാപിതമാകുന്നതുവരെ മാത്രം (അപ്പോസ്തലനായ പൗലോസ് ആറുമാസം മുതൽ മൂന്നുവർഷംവരെ ഒരു സ്ഥലത്തുതാമസിക്കുക പതിവായിരുന്നു).

സഭ സ്ഥാപിച്ച് ദൈവപദ്ധതി അനുസരിച്ച് മേൽനോട്ടം നടത്തുന്നത് അപ്പോസ്തലനാണ്. താൻ സ്ഥാപിച്ച സഭയെ പരിപാലിക്കാൻ ആവശ്യമായ മൂപ്പന്മാരേയും, ഇടയന്മാരേയും, മേൽനോട്ടക്കാരേയും അപ്പോസ്തലൻ നിയമിക്കുന്നു. (അപ്ര 14:21–23; തീത്തോ 1:5).

## യഥാർത്ഥ അപ്പോസ്തലന്മാരും വ്യാജ അപ്പോസ്തലന്മാരും (True & False Apostles)

ചില ശുശ്രൂഷകന്മാർ സഭയിൽ അധികാരം കാംക്ഷിക്കുന്നു. അപ്പോസ്തലന്റെ വിളിയുന്നെ വ്യാജേന സഭയിൽ അവരുടെ പ്രാധിനിത്യം വെളിപ്പെടുത്തുന്നു. എന്നാൽ ഇക്കൂട്ടരിൽ ഭൂരിഭാഗവും പ്രശ്നക്കാരാണ്. ഇവർ സഭകൾ സ്ഥാപിക്കാറില്ല (ഒന്നോ രണ്ടോ സഭകൾ നാമമാത്രമായി സ്ഥാപിച്ചു എന്നു വന്നേക്കാം). ഇവരുടെ അധികാരം സഭയിൽ സ്ഥാപിക്കപ്പെടാൻ ഇവരുടെ ഇഷ്ടം നിറവേറ്റാൻ താത്പര്യമുള്ള ഇടയന്മാരെ

സഭയിൽ ചുമതലപ്പെടുത്തുന്നു. നിങ്ങൾ ഒരു പാസ്റ്റർ ആണെങ്കിൽ, ഞാൻ ഓർമ്മിപ്പിക്കട്ടെ - സ്ഥാനമോഹികളായ ഇത്തരം അപ്പോസ്തലന്മാരുടെ വലയിൽ വീണു പോകരുത്. അവർ ആട്ടിൻ തോലിട്ട ചെന്നായ്ക്കളാണ്, അവർ സമ്പത്തിന്റെ പിന്നാലെ പോകുന്നവരാണ്. വ്യാജഅപ്പോസ്തലന്മാർക്കു എതിരായി വചനം മുന്നറിയിപ്പു നൽകുന്നു (2 കൊരി 11:13, വെളിപ്പാട് 2:2). "ഞാൻ അപ്പോസ്തലനാണ്" എന്ന് ഒരുവൻ പറയുന്നെങ്കിൽ, അവൻ അപ്പോസ്തലൻ അല്ലായെന്ന് തിരിച്ചറിയണം. അവരുടെ ഫലം അത് വെളിപ്പെടുത്തും.

ഒരു സഭസ്ഥാപിച്ച് അനേകവർഷം ആ സഭയിൽ ഇടയന്റെ ശുശ്രൂഷയിലായിരിക്കുന്ന വ്യക്തി ഒരിക്കലും ഒരു അപ്പോസ്തലനല്ല. ഇദ്ദേഹത്തെ വേണമെങ്കിൽ അപ്പോസ്തലികപാസ്റ്റർ എന്നു വിളിക്കാം. ഈ ശുശ്രൂഷകൻ ഒരിക്കലും അപ്പോസ്തലൻ അല്ല കാരണം അപ്പോസ്തലൻ തുടർമാനമായി സഭ സ്ഥാപിക്കുന്നവനാണ്.

ദൈവം അയച്ച അഭിഷക്തനായ ഒരു മിഷിനറിയുടെ പ്രാഥമിക ദൗത്യം സഭ സ്ഥാപിച്ച് അപ്പോസ്തലന്റെ സ്ഥാനം അലങ്കരിക്കുകയാണ്. ബൈബിൾ സ്കൂൾ സ്ഥാപിക്കുകയും, മിഷനറിമാരെ വാർത്തെടുക്കുകയും ചെയ്യുന്നവർ അപ്പോസ്തലന്മാരല്ല ഉപദേഷ്ടാക്കന്മാരാണ്.

സഭ സ്ഥാപിക്കുന്നതിന്റെ അടിസ്ഥാനം അമാനുഷികമായ അത്ഭുതങ്ങളും അടയാളങ്ങളുമാണ്. ഇതാണ് അപ്പോസ്തലന്റെ ശുശ്രൂഷയുടെ പ്രത്യേകത. പൗലോസ് എഴുതി:

> ഞാൻ ഏതുമില്ല എങ്കിലും അതിശ്രേഷ്ടതയുള്ള അപ്പോസ്തലന്മാരിൽ ഒട്ടും കുറഞ്ഞവനല്ല; അപ്പോസ്തലന്റെ ലക്ഷണങ്ങൾ പൂർണ്ണസഹിഷ്ണതയിലും അടയാളങ്ങളാലും അത്ഭുതങ്ങളാലും വീര്യപ്രവർത്തികളാലും നിങ്ങളുടെ ഇടയിൽ വെളിപ്പെട്ടുവന്നുവല്ലോ (2 കൊരി 12:11 ബി-12).

ഒരുവന്റെ ശുശ്രൂഷയിൽ അത്ഭുതങ്ങളും അടയാളങ്ങളും നടക്കുന്നില്ലായെങ്കിൽ ഓർക്കുക, അയാൾ ഒരു അപ്പോസ്തലനല്ല. യഥാർത്ഥഅപ്പോസ്തലന്മാർ വിരളമാണ്; അശുദ്ധമായ, വ്യാജമായ, വ്യാജസുവിശേഷമുള്ള ഒരു സഭയിൽ അപ്പോസ്തലന്മാർ ഉാകുകയില്ല. സുവിശേഷത്തിന്റെ വിശുദ്ധി പരിപാലിക്കപ്പെടുന്ന മേഖലകളിലാണ് അപ്പോസ്തലന്മാർ ഉള്ളത്.

## അപ്പോസ്തലന്മാരുട ഉന്നത പദവി
## (The High Rank of the Apostle)

ശുശ്രൂഷയുടെ നിരയിൽ പ്രഥമ സ്ഥാനമാണ് അപ്പോസ്തലന്മാർക്കുള്ളത്, ഏറ്റവും ഉത്തമമായ വിളിയാണിത് (എഫേ 4:11; 1 കൊരി 12:28).

ആരും അപ്പോസ്തലനായി ശുശ്രൂഷ ആരംഭിക്കുന്നില്ല. ഒരുവൻ തന്റെ ശുശ്രൂഷയുടെ തുടക്കത്തിൽ അപ്പോസ്തലനല്ലെങ്കിലും അവസാനം ആ സ്ഥാനത്ത് എത്തിപ്പെടുകയാണ്. ആദ്യത്തെ ഒരു വർഷം ഒരുവൻ ഉപദേശം, പ്രസംഗം ഈ മേഖലകളിൽ വിശ്വസ്തത തെളിയിക്കണം, അവസാനം അവനുവേി വേർതിരിച്ച പദവിയിലേക്ക് ദൈവം നയിക്കും. അമ്മയുടെ ഉദരത്തിൽ ഉരുവായിരുന്നപ്പോൾതന്നെ ദൈവം പൗലോസിനെ ഒരു അപ്പോസ്തലനായി വിളിച്ചിരുന്നു. എന്നാൽ അപ്പോസ്തലന്റെ പ ദവിയിലെത്തുംമുമ്പ് പൗലോസ് തുടക്കത്തിൽ മറ്റു പലവിധ ശുശ്രൂഷകളും ചെയ്തിരുന്നു (ഗലാ 1:15, 2:1) ഒരു ഉപദേഷ്ടാവ്, പ്രവാചകൻ എന്നീ നിലകളിലാണ് പൗലോസ് ശുശ്രൂഷ ആരംഭിച്ചത് (അപ്ര 13:1-2). എന്നാൽ അവസാനം പരിശുദ്ധാത്മാവ് അയച്ചപ്പോൾ താൻ ഒരു അപ്പോസ്തലനായിത്തീർന്നു (അപ്ര 14:14).

പൗലാസിനേയും, യേശുവിന്റെ ശിഷ്യന്മാരായിരുന്ന 12 അപ്പോസ്തലന്മാരേയും കൂടാതെ പല അപ്പോസ്തലന്മാരെക്കുറിച്ചുള്ള അന വധി പ്രതിപാദ്യങ്ങൾ ഉ്. അപ്ര 1:15-26, 14:14; റോമ 16:7, 2 കൊരി 8:23, ഗലാ 1:17-19, ഫിലി 2:25, 1 തെസ1:1, 2:6 (2 കൊരി 8:23, ഫിലി 2:25 ഈ വാക്യങ്ങളിൽ അപ്പോസ്തലോസ് എന്ന യവനവാക്കിനെ മെസഞ്ചർ (ദൂതൻ) എന്ന് വിവർത്തനം ചെയ്തിരിക്കുന്നു. ഇത് അപ്പോസ്തലത്വം 12 പേരിൽ ഒതുങ്ങിനില്കുന്നു എന്ന ധാരണയെ തിരുത്തി എഴുതുന്നു.

ഈ പന്ത്ര് അപ്പോസ്തലന്മാരെ കുഞ്ഞാടിന്റെ അപ്പോസ്തലന്മാർ എന്നു വിളിക്കുന്നു, ഇവർക്ക് സഹസ്രാബ്ദവാഴ്ചയിൽ പ്രത്യേകസ്ഥാനം കല്പിച്ചിരിക്കുന്നു (മത്താ 19:28, വെളിപ്പാട് 21: 14) പത്രോസ്, യാക്കോബ്, യോഹന്നാൻ തുടങ്ങിയ അപ്പോസ്തലന്മാർ പരിശുദ്ധാത്മാവിനാൽ തിരുവചനം എഴുതി. വചനം എഴുതാൻ അപ്പോസ്ഥലന്മാരെ ഇനി ആവശ്യമില്ല, കാരണം വചനവെളിപ്പാട് ഇതോടെ പൂർണ്ണമായി. എന്നാൽ അപ്പോസ്തലനായ പൗലോസ് ചെയ്തതുപോലെ, സഭകൾ സ്ഥാപിക്കാൻ അപ്പോസ്തലന്മാരെ ദൈവം ഇപ്പോഴും തേടുന്നു.

യേശുവിന്റെ ശിഷ്യന്മാരായിരുന്ന അപ്പോസ്തലന്മാരായിരുന്നു പ ൗലോസ്, യാക്കോബ്, യോഹന്നാൻ. പരിശുദ്ധാത്മനിയോഗത്താൽ അവർ ലേഖനങ്ങൾ എഴുതി. ബൈബിൾ വചനങ്ങൾ പൂർണ്ണമായതുകൊ് ഇനി ആ സ്ഥാനത്തേക്ക് മറ്റൊരാളെ ആവശ്യമില്ല. എന്നാൽ ഇന്ന് സഭകൾ സ്ഥാപിക്കാൻ അർപ്പണബോധമുള്ള പൗലോസിനെപ്പോലുള്ള അപ്പോസ്തലന്മാരെയാണ് ദൈവത്തിന് ആവശ്യം.

**പ്രവാചകന്മാരുടെ ശുശ്രൂഷ**

## (The Office of Prophet)

അമാനുഷികമായ വെളിപ്പാടുകൾ ദിവ്യശക്തിയിലൂടെ വെളിപ്പെടുത്തുന്നതാണ് പ്രവചനം. ഇങ്ങനെയുള്ള വ്യക്തികളിൽ പ്രവചന ത്തിന്റെ വരങ്ങളും വെളിപ്പാടിന്റെ വരങ്ങളായ ജ്ഞാനം, പരിജ്ഞാനം, വിവേചനം എന്നിവയും ഒന്നിച്ചു പ്രവർത്തിക്കും.

ആത്മാവിന്റെ ഇച്ഛയനുസരിച്ച് ഏതുവിശ്വാസിയേയും ദൈവം പ്രവചനത്തിന്റെ ആത്മാവിലൂടെ നടത്തും, എന്നാൽ ഇത് ഒരിക്കലും ആ വ്യക്തിയെ പ്രവാചകനാക്കിമാറ്റുകയില്ല. അഭിഷേകത്തോടെ പ്രസംഗിക്കാനും ഉപദേശിക്കാനും കഴിവുള്ള ഒരു ശുശ്രൂഷകനാണ് പ്രവാചകൻ. ദൈവവിളിയുടെ ഉന്നതമായ രാമത്തെ സ്ഥാനമാണ് പ്രവാചകന ുള്ളത് (1 കൊരി 12:28). പൂർണ്ണസമയശുശ്രൂഷചെയ്യുന്നു എന്നുള്ളത്കൊ് ഒരുവൻ പ്രവാചകൻ ആകുകയില്ല. പ്രവചനശുശ്രൂഷ ചെയ്യുന്ന ഒരുവന് അമാനുഷികമായ വൈഭവം ദൈവത്തിൽനിന്നു ലഭിച്ചുകൊിരിക്കും.

പുതിയ നിയമത്തിലെ രുപ്രവാചകന്മാരാണ് യൂദായും പൗലോസും. അപ്ര 15:32ൽ അന്ത്യോക്യസഭയെക്കുറിച്ചുള്ള അവരുടെ പ്രവചനം രേഖപ്പെടുത്തിയിരിക്കുന്നു.

> യൂദായും ശീലാസും പ്രവാചകന്മാർ ആകകൊ‍ു പല വചനങ്ങളാലും സഹോദരന്മാരെ പ്രബോധിപ്പിച്ചു ഉറപ്പിച്ചു (അപ്ര 15:32).

പുതിയനിയമത്തിലെ മറ്റൊരുദാഹരണമാണ് അഗബോസ് (അപ്ര 11:27-28).

> ആ കാലത്ത് യറുശലേമിൽനിന്ന് പ്രവാചകന്മാർ അ ന്ത്യാക്ക്യയിലേക്കു വന്നു. അവരിൽ അഗബോസ് എന്നു പേരുള്ളൊരുവൻ എഴുന്നേറ്റു ലോകത്തിൽ ഒക്കേയും മഹാക്ഷാമം ഉ ാകും എന്നു ആത്മാവിനാൽ പ്രവചിച്ചു. അതു ക്ലൌദ്യോസിന്റെ കാലത്തു സംഭവിച്ചു (അപ്ര 11: 27-28).

അഗബോസിന് ജ്ഞാനം എന്ന കൃപാവരം ഉായിരുന്നു. ഭാവികാര്യങ്ങൾ തനിക്ക് വെളിപ്പാടായി പറയാൻ കഴിഞ്ഞിരുന്നു. ഭാവിയിൽ എന്തുസംഭവിക്കുമെന്നതിനെക്കുറിച്ച് അദ്ദേഹത്തിന് അറിയില്ലായിരുന്നു; എന്നാൽ പരിശുദ്ധാത്മാവ് ആഗ്രഹിച്ചത് മാത്രമേ അഗബോസിന് വെളിപ്പെട്ടിരുന്നുള്ളൂ.

അഗബോസിന്റെ ശുശ്രൂഷയിൽ ജ്ഞാനത്തിന്റെ വരം വെളിപ്പെട്ടതിന്റെ ഉദാഹരണം അപ്ര 21:10-11 വാക്യങ്ങളിൽ കാണാം. ഈ വെളിപ്പാട് ഒരു വ്യക്തിയെ പരാമർശിച്ചായിരുന്നു.

> ഞങ്ങൾ അവിടെ വളരെ ദിവസം താമസിക്കുമ്പോൾ അഗബോസ് എന്ന ഒരു പ്രവാചകൻ യഹൂദ്യയിൽ നിന്നുവന്നു. അവൻ ഞങ്ങളുടെ

അടുക്കൽ വന്നു പൗലാസിന്റെ അരക്കച്ച എടുത്തു തന്റെ കൈകാലുകളെ കെട്ടി: ഈ അരക്കച്ചയുടെ ഉടമസ്തനെ യഹൂദന്മാർ യറുശലേമിൽ ഇങ്ങനെ കെട്ടി ജാതികളുടെ കൈയിൽ ഏല്പിക്കുമെന്ന് പരിശുദ്ധാത്മാവ് പറയുന്നു എന്നു പറഞ്ഞു (അപ്ര 21:10-11).

വ്യക്തിപരമായ മാർഗ്ഗനിർദ്ദേശത്തിന് പ്രവാചകനെ ആശ്രയിക്കുന്നത് വചനപ്രകാരം ശരിയാണോ? അല്ല. കാരണം ഒരു വ്യക്തിയെ വഴിനടത്താൻ പരിശുദ്ധാത്മാവ് ആ വ്യക്തിയിൽ തന്നെയു്. ഒരു വിശ്വാസിയുടെ ജിവിതത്തിലുള്ള ദൈവിക നിയന്ത്രണത്തെ പ്രവാചകൻ തന്റെ വാക്കിലൂടെ ഉറപ്പിക്കുന്നു എന്നുമാത്രമേ ഉള്ളു. ഉദാഹരണത്തിന്, അഗബോസ് പൗലോസിനെക്കുറിച്ച് പ്രവചിച്ചപ്പോൾ, പൗലോസ് ഭാവിയിൽ എന്തുചെയ്യണമെന്നതിനെക്കുറിച്ച് അഗബോസ് നിർദ്ദേശിച്ചില്ല പൗലോസിന് ഭാവിയിൽ സംഭവിക്കാൻ പോകുന്നതിനെ വെളിപ്പെടുത്തിയതു മാത്രമേയുള്ളു.പൗലോസ് പ്രവാചകനായും ഉപദേഷ്ടാവായും പ്രവർത്തിച്ചതിനുശേഷമാണ് അപ്പോസ്തലനായത്. (അപ്ര 13:1) പൗലോസ് ദൈവത്തിൻനിന്ന് വെളിപ്പാട് പ്രാപിച്ചു (ഗലാ 1: 11-12) ദർശനങ്ങൾ പ്രാപിച്ചു. (അപ്ര 9:1-9, 18:9-10; 22:17-21, 23:11, 2 കൊരി 12:1-4).

അപ്പോസ്തലന്മാരെപ്പോലെ, പ്രവാചകന്മാരും വ്യാജസഭകളിൽ ഉ ായിരിക്കയില്ല. വ്യാജസഭകൾക്ക് ശീലാസ്, യഹൂദാ, അഗബോസ് തടങ്ങിയ പ്രവാചകന്മാരെ ഉൾക്കൊള്ളുവാൻ കഴിയുകയില്ല. കാരണം നല്ല പ്രവാചകർ സത്യം വെളിപ്പെടുത്തും. ഹിതമല്ലാത്തകാര്യങ്ങളും അനുസരണക്കേടുകളും വെളിപ്പെടുത്തും. യോഹന്നാൻ അപ്പോസ്തലൻ വെളിപ്പാട് പുസ്തകത്തിന്റെ ആദ്യത്തെ ര് അദ്ധ്യായങ്ങളിലൂടെ അന്നത്തെ ഏഴു സഭകളുടെ യഥാർത്ഥ അവസ്ഥകൾ തുറന്നുകാണിച്ചതുപോലെ, ഒരു നല്ല പ്രവാചകൻ വ്യക്തിയുടേയും സഭയുടേയും വസ്തുത തുറന്നുകാണിക്കും. ഒരു വ്യാജസഭയിൽ അതുാകയില്ല.

## ഉപദേഷ്ടാവിന്റെ ശുശ്രൂഷ
## (The Office of Teacher)

1 കൊരി 12:28 പ്രകാരം ഉപദേഷ്ടാവിന് ഉന്നതമായ മൂന്നാം സ്ഥാനമാണുള്ളത്. ദൈവവചനം പഠിപ്പിക്കുവാൻ അമാനുഷികമായ അഭിഷേകം സിദ്ധിച്ച ശുശ്രൂഷകനാണ് ഉപദേഷ്ടാവ്. വചനം പഠിപ്പിക്കുന്ന ഏതൊരാളും ഉപദേഷ്ടാവ് അല്ല. താത്പര്യംകൊാ, കടപ്പാടുകൊാ വചനം പഠിപ്പിക്കുന്നവൻ ഉ്. എന്നാൽ ഉപദേഷ്ടാവായി വിളിക്കപ്പെട്ടവൻ ദൈവിക വരപ്രാപ്തനാണ്. വചനവെളിപ്പാടോടെ വേദപുസ്തകം പ ഠിക്കുവാനും പരിജ്ഞാനത്തോടെ പഠിപ്പിക്കുവാനും വിളിക്കപ്പെട്ട ഉപദേഷ്ടാവിന് ദൈവം കൃപ നൽകിയിരിക്കുന്നു.

പുതിയ നിയമത്തിലെ അപ്പൊല്ലോസ് ഇതിന് ഉദാഹരണമാണ്. പൗലോസിന്റെ അപ്പോസ്തലിക ശുശ്രൂഷയും, അപ്പല്ലോസിന്റെ ഉപദേഷ്ടാവ് എന്ന ശുശ്രൂഷയൂം കൊരിന്ത് ലേഖനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

> ഞാൻ നട്ടു. അപ്പൊല്ലോസ് നനച്ചു. ദൈവമത്രേ വളരുമാറാക്കിയത്, ഞാൻ ജ്ഞാനമുള്ളൊരു പ്രധാനശില്പിയായി അടിസ്ഥാനം ഇട്ടിരിക്കുന്നു. "മറ്റൊരുത്തൻ മീതെ പണിയുന്നു" (1 കൊരി 3:6, 10 ബി).

ഉപദേഷ്ടാവായ അപ്പൊല്ലോസ് അടിസ്ഥാനം ഇടുന്നില്ല. അദ്ദേഹം വെള്ളം ഒഴിച്ച് മുളയെ വളർത്തി ദൈവവചനംകൊ് വേലികെട്ടി പരിപാലിക്കുകയാണ്.

> അവൻ (അപ്പല്ലോസ്) അഖായയിലേക്ക് പോകുവാൻ ഇച്ഛിച്ചപ്പോൾ സഹോദരന്മാർ അവനെ ഉത്സാഹിപ്പിക്കുകയും അവനെ സ്വീകരിക്കേതിന് ശിഷ്യന്മാർക്ക് എഴുതുകയും ചെയ്തു. അവിടെ എത്തിയപ്പോൾ അവൻ ദൈവകൃപയാൽ വിശ്വസിച്ചവർക്കുവളരെ പ്രയോജനമായിത്തീർന്നു. യേശുതന്നെ ക്രിസ്തു എന്ന് അവൻ തിരുവെഴുത്തുകളാൽ തെളിയിച്ചു. ബലത്തോടെ യഹൂദന്മാരെ പരസ്യമായി ബന്ധിച്ചുകളഞ്ഞു (അപ്ര 18:27).

അപ്പല്ലോസ് സഹോദരന്മാർക്ക് "വളരെ പ്രയോജനമായിത്തീർന്നു". "ശക്തിയോടെ" വചനം പഠിപ്പിച്ചു. അഭിഷക്തന്റെ വാക്കുകളിൽ നിന്ന് അഭിഷേകത്തിന്റെ ശക്തി ഒഴുകികൊിരിക്കും.

സഭയെ സംബന്ധിച്ചിടത്തോളം ഉപദേഷ്ടാവിന്റെ ശുശ്രൂഷ അത്ഭുതങ്ങൾ രോഗസൗഖ്യം ഇതിനേക്കാൾ വളരെ ശ്രേഷ്ടമാണ്. അതുകൊാണ് ഉപദേഷ്ടാവിന് ശുശ്രൂഷയുടെ നിരയിൽ പ്രധാനസ്ഥാനം കല്പിച്ചിരിക്കുന്നത്.

> ദൈവം സഭയിൽ ഒന്നാമത് അപ്പൊസ്തലന്മാർ, രാമതു പ്രവാചകന്മാർ, മൂന്നാമതു ഉപദേഷ്ടാക്കന്മാർ ഇങ്ങനെ ഓരൊരുത്തരെ നിയമിക്കുകയും പിന്നെ വീര്യപ്രവർത്തികൾ, രോഗശാന്തികളുടെ വരം (1 കൊരി 12:28).

നിർഭാഗ്യമെന്നുപറയട്ടെ, ജീവിതത്തിന് വിശുദ്ധിയും ആത്മികവളർച്ചയും നൽകുന്ന, വചനത്തിന് പ്രാധാന്യംകൊടുത്ത് പഠിക്കുവാൻ വിശ്വാസികൾക്ക് വലിയ താത്പര്യമില്ല.

വചനപ്രകാരം പ്രസംഗത്തിനും ഉപദേശത്തിനും വളരെ പ്രാധാന്യമു്. ഉപദേശം (Teaching) യുക്തി സാന്ദ്രവും പ്രബോധനപരവുമാണ് എന്നാൽ പ്രസംഗം പ്രചോദനപരവും പ്രോത്സാഹകജനകവുമാണ്. സുവിശേഷകൻ പ്രസംഗകനാണ്. ഇടയന്മാരും ഉപദേഷ്ടാക്കന്മാരും

പ്രബോധിപ്പിക്കുന്നവരാണ്. അപ്പോസ്തലന്മാർ പ്രബോധിപ്പിക്കുകയും ഉപദേശിക്കുകയും ചെയ്യും. ചില വിശ്വാസികൾ ഉപദേശത്തിന്റെ മൂല്യം തിരിച്ചറിയുന്നില്ലായെന്നത് ഖേദകരമാണ്. വേഗത്തിലും ഉച്ചത്തിലും പ്രസംഗിക്കുന്നവർക്കുമാത്രമേ അഭിഷേകമുള്ളു എന്നു ചിലർ വിശ്വസിക്കുന്നു. എന്നാൽ ആ ധാരണ തെറ്റാണ്.

യേശു അഭിഷക്തനായ ഒരു ഉപദേഷ്ടാവായിരുന്നു. യേശുവിന്റെ ശുശ്രൂഷയുടെ പ്രധാനഭാഗമായിരുന്നു ഉപദേശം. പുരുഷാരം ജനത്തെ ഗുരോ എന്ന് അഭിസംബോധനചെയ്തു (മത്താ 8:19, മർക്കോ 5:35, യോഹ 11:28).

ഉപദേഷ്ടാക്കളേയും പ്രബോധനത്തേയും കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ ലഭിക്കാൻ അപ്ര 2:42, 5:21, 25, 28, 42, 11:22–26; 13;1, 15:35, 18:11; 20:18–20; 28:3031, റോമ 12:6–7, 1 കൊരി 4:17, ഗലാ 6:6, കൊലോ 1:28; 30–31; 1 തിമോ, 4: 1116; 5:17, 6:2; 2 തീത്തോ 1:11, 2:2, യാക്കോ 3:1 എന്നീ വചനങ്ങൾ നോക്കുക ഉപദേഷ്ടാക്കന്മാർ പ്രത്യേകം ജാഗ്രതയുള്ളവരായിരിക്കണം കാരണം വചനം പറയുന്നു. അധികം ശിക്ഷാവിധിവരും എന്നറിഞ്ഞ് നിങ്ങൾ അനേകർ ഉപദേഷ്ടാക്കന്മാർ ആകരുത്. ഒരു ഉപദേഷ്ടാവ് സത്യവചനം മാത്രമേ പഠിപ്പിക്കാൻ പാടുള്ളൂ.

## സുവിശേഷകന്റെ ശുശ്രൂഷ

## (The Office of Evangelist)

സുവിശേഷകൻ അഭിഷക്തനായ ഒരു പ്രസംഗകനാണ്. വിശ്വാസികളെ ആകർഷിക്കാൻ അത്ഭുതങ്ങളും ഈ പ്രസംഗത്തിൽ സംഭവിക്കാം.

പുരാതനസഭകളിൽ അനേക സുവിശേഷകന്മാരുായിരുന്നു. എന്നാൽ ഒരുവന്റെ പേരുമാത്രമേ നാം സുവിശേഷകൻ എന്നപേരിൽ അപ്പോസ്തല പ്രവൃത്തികളിൽ കാണുന്നുള്ളു. അദ്ദേഹത്തിന്റെ പേര് ഫിലിപ്പോസ് എന്നാണ്.

''പിറ്റെന്നാൾ ഞങ്ങൾ പുറപ്പെട്ട് കൈസര്യയിൽ എത്തി. ഏഴുപേരിൽ ഒരുവനായ ഫിലിപ്പോസ് എന്ന സുവിശേഷകന്റെ വീട്ടിൽ ചെന്ന് അവനോടുകൂടെ പാർത്തു'' (അപ്ര 21:8).

ഫിലിപ്പോസ് (ഡീക്കൻ ആയിട്ട്) മേശമേൽ ശുശ്രൂഷിച്ചാണ് ശുശ്രൂഷ ആരംഭിച്ചത് (അപ്ര 6:1–6).

സഭ പീഡനത്തിൽകടന്നുപോയപ്പോഴാണ്, അതായത് സ്തേഫാനോസ് രക്തസാക്ഷിയായ സമയത്താണ് ഫിലിപ്പോസ് സുവിശേഷകന്റെ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടത്. താൻ ആദ്യമായി സുവിശേഷം പ്രസംഗിച്ചത് ശമര്യയിലാണ്.

ഫിലിപ്പോസ് ശമര്യപട്ടണത്തിൽചെന്ന് അവരോട് ക്രിസ്തുവിനെക്കുറിച്ച് പ്രസംഗിച്ചു. ഫിലിപ്പോസ് ചെയ്ത അടയാളങ്ങൾ ജനക്കൂട്ടം കാണുകയും കേൾക്കുകയും ചെയ്തതിനാൽ അവൻ പറയുന്നത് അവർ ഏകമനസ്സോടെ ശ്രദ്ധിച്ചുകൊിരുന്നു. അശുദ്ധാത്മാക്കൾ ബാധിച്ച അനേകരിൽനിന്ന് അവ ഉറക്കെ നിലവിളിച്ചുകൊ് പുറത്തുപോയി. അനേകം പ ക്ഷവാതക്കാരും മുടന്തന്മാരും സൗഖ്യം പ്രാപിച്ചു. അങ്ങനെ ആ പട്ടണത്തിൽ വളരെ സന്തോഷം ഉായി (അപ്ര 8:5-8).

ശ്രദ്ധിക്കുക, ഫിലിപ്പോസിന് ഒരു സന്ദേശമേ ഉായിരുന്നുള്ളു ''ക്രിസ്തു''. ക്രിസ്തുവിന്റെ അനുസരണയുള്ള അനുയായികളായ ശിഷ്യന്മാരെ വാർത്തെടുക്കുക എന്നതായിരുന്നു തന്റെ ലക്ഷ്യം. ''അത്ഭുതവാൻ'', ദൈവപുത്രൻ, യഹോവ, രക്ഷകൻ, ''വേഗം വരുന്ന ന്യായാധിപതി'' എന്നൊക്കെയാണ് ഫിലിപ്പോസ് യേശുവിനെ പ രിചയപ്പെടുത്തിയത്. അനുതപിച്ച് യേശുവിനെ പിൻപറ്റുവാൻ ഫിലിപ്പോസ് ജനത്തെ ആഹ്വാനം ചെയ്തു.

അമാനുഷികമായ അത്ഭുതങ്ങളും അടയാളങ്ങളും ഫിലിപ്പോസിന്റെ പ്രസംഗത്തിൽ സംഭവിച്ചു. അത്ഭുതരോഗശാന്തിയോടു ചേർന്നുപലവരങ്ങളും സുവിശേഷകന്റെ ശുശ്രൂഷയിൽ വെളിപ്പെടുന്നു. വ്യാജസഭയ്ക്ക് വ്യാജസുവിശേഷകന്മാരു്. അവരിലൂടെ വ്യാജസുവിശേഷം വെളിപ്പെടുന്നു. ഇങ്ങനെയുള്ള സുവിശേഷകന്മാരെക്കൊ് ഇന്ന് ലോകം നിറഞ്ഞിരിക്കുകയാണ്. ഇവരുടെ ശുശ്രൂഷയിൽ ദൈവം അത്ഭുതമോ അടയാളമോ അയയ്ക്കുന്നില്ല. കാരണം യേശുവിന്റെ സുവിശേഷമല്ല അവർ പ്രസംഗിക്കുന്നത്. അവർ യേശുവിനെ പ്രസംഗിക്കുന്നില്ല. മനുഷ്യന്റെ ആവശ്യങ്ങൾ എങ്ങനെ നേടാം, യേശു എങ്ങനെ സമ്പത്ത് നൽകുന്നു തുടങ്ങിയ അനുതാപമില്ലാത്ത രക്ഷയെക്കുറിച്ചാണ് അവർ പ്രസംഗിക്കുന്നത്. ആളുകളെ രക്ഷയിലേക്കുനയിക്കാതെ തെറ്റിലേക്ക് നയിക്കുകയാണ് വ്യാജസുവിശേഷകൻ ചെയ്യുന്നത്. ഇവരുടെ പ്രസംഗത്തിലൂടെ ജനത്തിന് വീ ുംജനനം ഉാകുന്നില്ല; തന്നെയുമല്ല അവർക്ക് വീുംജനനം പ്രാപിക്കണമെന്നു തോന്നുകയുമില്ല. ഇങ്ങനെയുള്ള സുവിശേഷകർ പിശാചിന്റെ സാമ്രാജ്യം പണിയുകയാണ്.

എഫേസ്യർ 4:11, 1 കൊരി 12:28 ഈ വാക്യങ്ങളിൽ സുവിശേഷകന്മാരെ ശുശ്രൂഷയുടെ പട്ടികയിൽ രേഖപ്പെടുത്തിക്കാണുന്നില്ല. അത്ഭുതങ്ങളും രോഗശാന്തിവരങ്ങളും സുവിശേഷകന്മാർക്ക് ചുമതലപ്പെട്ട ശുശ്രൂഷയാണ്. ഫിലിപ്പോസിന്റെ ശുശ്രൂഷയിൽ ഇത് വെളിപ്പെട്ടു എന്ന് നാം കു. സുവിശേഷകന്മാരുടെ ശുശ്രൂഷക്ക് അമാനുഷികമായ അനുഭവം നൽകുന്നത് അത്ഭുതങ്ങളും രോഗശാന്തിയും ആണ്.

സഭകൾ തോറും മാറിമാറിശുശ്രൂഷചെയ്യുന്ന പലരും യഥാർത്ഥ ത്തിൽ സുവിശേഷകരല്ല. അവർ സഭകളിൽ കടന്നുവരുന്ന വിശ്വാസികളോടു

വചനം പങ്കുവെയ്ക്കുന്നു, എന്നാൽ അവരുടെ ശുശ്രൂഷയിൽ അത്ഭുതങ്ങളോ രോഗ സൗഖ്യമോ സംഭവിക്കുന്നില്ല (ചിലർ വരപ്രാപ്തരാണെന്ന് സ്വയം നടിക്കുന്നു). ചിലരെ മാത്രമെ അവർക്ക് കബളിപ്പിക്കുവാൻ കഴിയുകയുള്ളൂ. അവർ ചെയ്യുന്ന ഏറ്റവും വലിയ അത്ഭുതം ജനത്തെ താത്കാലികമായി ഉന്തി വീഴ്ത്തുക മാത്രമാണ്. ഈ സഞ്ചാരസുവിശേഷകന്മാർ ഉപദേഷ്ടാക്കളോ, പ്രസംഗകരോ, പ്രബോധകരോ ആകാം (റോമ 12:8) പക്ഷേ അവർ ഒരിക്കലും സുവിശേഷകരല്ല. ഒരു വ്യക്തിയുടെ ശുശ്രൂഷ പ്രബോധനത്തിൽ ആരംഭിച്ച്, പ്രസംഗകനിലൂടെ പൂഷ്ടിപ്രാപിച്ച് സുവിശേഷകനിൽ എത്തുന്നു.

ഒരു സുവിശേഷകന്റെ ശുശ്രൂഷയെക്കുറിച്ച് കൂടുതൽ അറിയാൻ അപ്ര 8:4-40 വാക്യങ്ങൾ സഹായകരമാണ്. സുവിശേഷകനായ പ ൗലോസിന്റെ വ്യക്തമായ ഒരു ചിത്രം ഇവിടെ കാണാം. (14-25 വാക്യങ്ങൾ പ്രത്യേകിച്ചും) ശുശ്രൂഷവരങ്ങളുടെ പരസ്പരസ്വാധീനത്തെക്കുറിച്ചുള്ള ചിത്രം വെളിപ്പെടുത്തുന്നു. ഇതിൽ ഫിലിപ്പോസ് പുരുഷാരത്തോട് സുവിശേഷം പ്രസംഗിച്ചതുമാത്രമല്ല, വ്യക്തികളോടുസുവിശേഷം പ്രസംഗിക്കാൻ ദൈവം വഴി ഒരുക്കിയതും ഇവിടെ കാണാൻ കഴിയും (അപ്ര 8:25-39).

സുവിശേഷത്തിലുടെ അനേകരെ സ്നാനത്തിലേക്ക് നയിക്കുന്നത് സുവിശേഷകരാണ്, എന്നാൽ അവർക്ക് പരിശുദ്ധാത്മാസ്നാനം നൽകുന്നത് അപ്പോസ്തലന്റെയോ, ഇടയന്റെയോ, മൂപ്പന്റെയോ ചുമതലയാണ്.

## ഇടയന്റെ ശുശ്രൂഷ
## (The Office of Pastor)

കഴിഞ്ഞ രു അദ്ധ്യായങ്ങളിൽ വചന പ്രകാരമുള്ള ഇടയനേയും ഒരു സാധാരണ ഇടയനേയും താരതമ്യം ചെയ്ത് നാം പഠിച്ചു. ഒരു ഇടയന്റെ ശുശ്രൂഷയെക്കുറിച്ച് ഇനിയും ചിലത് അറിയേതു്.

ഒരു ഇടയന്റെ വചനപ്രകാരമുള്ള ശുശ്രൂഷമനസ്സിലാക്കാൻ ഇതിന്നാധാരമായ മൂന്നു ഗ്രീക്കുപദങ്ങൾ നാം അറിഞ്ഞിരിക്കണം. ആ പ ദങ്ങൾ 1) പൊയ്മെൻ (Poiman) (2) പ്രിസ്ബട്റോസ് (Presbuteros) (3) എപിസ്കോപസ് (Episkopos) ഈ പദങ്ങൾ യഥാക്രമം 1) ഇടയൻ (Shepherd or Pastor) (2) മൂപ്പൻ (Elder) (3) അദ്ധ്യക്ഷൻ (Overseer or Bishop) എന്നിങ്ങനെ വിവർത്തനം ചെയ്യപ്പെട്ടിരിക്കുന്നു.

പൊയ്മെൻ (Poiman) എന്ന പദം പുതിയനിയമത്തിൽ പതിനേഴു പ്രാവശ്യം ഇടയൻ (Shepherd) )എന്നും ഒരു പ്രാവശ്യം പാസ്റ്റർ എന്നും ഉപയോഗിച്ചതായി കാണുന്നു. അതിന്റെ ക്രിയാരൂപം പൊയ്മേനിയോ (Poimanio) എന്ന പദം പതിനൊന്നു പ്രാവശ്യം ഇടയൻ (Shepherd) എന്നർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നതായി കാണുന്നു.

ഗ്രീക്ക്പദമായ പ്രിസ്ബട്റോസ് (Presbudros) അറുപതുപ്രാവശ്യം പുതിയ നിയമത്തിൽ കാണപ്പെടുന്നു. അതിൽ അറുപതു പ്രാവശ്യം മൂപ്പൻ (Elder/elders) എന്ന് ഭാഷാന്തരം ചെയ്താണ് ഉപയോഗിച്ചിരിക്കുന്നത്.

എപിസ്കോപസ് (Episkopos) എന്ന പദം പുതിയ നിയമത്തിൽ അഞ്ചുപ്രാവശ്യം ഉപയോഗിച്ചതായി കാണുന്നു, ഇതിനെ അദ്ധ്യക്ഷൻ (Overseer) എന്ന് ഭാഷാന്തരം ചെയ്തു നാലു പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നതായി കാണാം. കിംഗ് ജയിംസ് പതിപ്പിൽ ഇതിനെ ബിഷോപ് (Bishop) എന്ന് ഭാഷാന്തരം ചെയ്തിരിക്കുന്നു.

ഈ മൂന്നുപദങ്ങളും സഭയിൽ ഒരേ പദവിയെ പ്രതിനിധാനം ചെയ്യുന്നു. അപ്പോസ്തലനായ പൗലോസ് സഭസ്ഥാപിച്ചപ്പോൾ അതിന്റെ ചുമതല മൂപ്പന്മാരെ (Presbuteros) ഏല്പിച്ചതായികാണാം (അപ്ര 14:23, തിത്തോ 1:5) അവർ അദ്ധ്യക്ഷന്മാരേയും (episkopos) ഇടയന്മാരെയും (Poimaino) സഭയെ പരിപാലിക്കുന്നതിന്റെ ഉത്തരവാദിത്തം ഏല്പിച്ചു. ഉദാഹരണത്തിന് അപ്ര 20:17 ൽ നാം കാണുന്നു:

> മിലേത്തൊസിൽനിന്ന് അവൻ എഫെസൊസിലേക്ക് ആളയച്ചു സഭയിലെ മൂപ്പന്മാരെ വരുത്തി .

സഭയിലെ മൂപ്പന്മാരോടു പൗലോസ് എന്താണ് പറഞ്ഞത്?

> നിങ്ങളെത്തന്നേയും താൻ സ്വന്തരക്തത്താൽ സമ്പാദിച്ചിരിക്കുന്ന ദൈവത്തിന്റെ സഭയെ മേയ്പാൻ പരിശുദ്ധാത്മാവ് നിങ്ങളെ അദ്ധ്യക്ഷരാക്കിവെച്ച ആട്ടിൻകൂട്ടം മുഴുവനെയും സൂക്ഷിച്ചുകൊൾവിൻ (അപ്ര 20:28).

ഈ മൂന്നു ഗ്രീക്കുപദങ്ങളെ ഇടകലർത്തി ഉപയോഗിച്ചിരിക്കുന്നത് ശ്രദ്ധിക്കുക. അത് മൂന്നു വ്യത്യസ്തമായ മൂന്നു ശുശ്രൂഷയല്ല. മൂപ്പന്മാരോട് (Elders); പൗലോസ് നിങ്ങൾ അദ്ധ്യക്ഷന്മാരാണ് (Overseers) നിങ്ങൾ ഇടയന്മാരെ പോലെ (Shepherds) പ്രവർത്തിക്കണം.

പത്രോസ് തന്റെ ഒന്നാം ലേഖനത്തിൽ എഴുതി:

> നിങ്ങളുടെ മൂപ്പന്മാരെ ഒരു കൂട്ടുമൂപ്പനും ക്രിസ്തുവിന്റെ കഷ്ടാനുഭവത്തിന്നു സാക്ഷിയും വെളിപ്പെടുവാനുള്ള തേജസ്സിന്നു കൂട്ടാളിയുമായ ഞാൻ പ്രബോധിപ്പിക്കുന്നത്: നിങ്ങളുടെ വിചാരണയിലുള്ള ദൈവത്തിന്റെ ആട്ടിൻകൂട്ടത്തെ മേയിച്ചുകൊൾവിൻ. നിർബന്ധത്താലല്ല, ദൈവത്തിന്നു ഹിതമാം വണ്ണം മനപൂർവ്വമായും ദുരാഗ്രഹത്തോടെയല്ല, ഉന്മേഷത്തോടെയും ഇടവകകളുടെ മേൽ കർത്തൃത്വം നടത്തുന്നവരായിട്ടല്ല, ആട്ടിൻകൂട്ടത്തിനു മാതൃകകളായി തീർന്നുകൊും അദ്ധ്യക്ഷതചെയ്‌വിൻ, എന്നാൽ ഇടയശ്രേഷ്ടൻ

പ്രത്യക്ഷനാകുമ്പോൾ നിങ്ങൾ തേജസ്സിന്റെ വാടാത്തകിരീടം പ്രാപിക്കും (1 പത്രോസ് 5:1-4).

പത്രോസ് പറയുന്നു: മൂപ്പന്മാരെ, നിങ്ങളുടെ ആടുകളെ ''പാലിക്കുവിൻ''. ''പരിപാലിക്കുക'' എന്നർത്ഥമുള്ള ക്രീയാപദത്തെ എഫേസ്യർ 4:11 ൽ പാസ്റ്റർ എന്ന നാമരൂപത്തിൽ ഭാഷാന്തരം ചെയ്തിരിക്കുന്നു.

> അവൻ ചിലരെ അപ്പൊസ്തലന്മാരായും ചിലരെ പ്രവാചകന്മാരായും ചിലരെ സുവിശേഷകന്മാരായും ചിലരെ ഇടയന്മാരായും ഉപദേഷ്ടാക്കന്മാരായും നിയമിച്ചിരിക്കുന്നു (എഫേ 4:11).

മൂപ്പന്മാരും പാസ്റ്റർമാരും തുല്യരാണ് എന്ന് ഇതിൽനിന്നും മനസ്സിലാക്കാം. മൂപ്പൻ (Presbuteros) എന്ന പദവും അദ്ധ്യക്ഷൻ (Episkopos) എന്ന പദവും സമാനആശയം ഉൾക്കൊള്ളുന്നതാണ്.

> ഞാൻ ക്രേത്തയിൽനിന്നെ വിട്ടേച്ചുപോന്നതു ശേഷിച്ച കാര്യങ്ങളെ ക്രമത്തിലാക്കേതിന്നും ഞാൻ നിന്നോട് ആജ്ഞാപിച്ചതുപോലെ പട്ടണം തോറും മൂപ്പന്മാരെ ആക്കിവെക്കേതിന്നും തന്നേ. മൂപ്പൻ കുറ്റമില്ലാത്തവനും ഏകഭാര്യയുള്ളവനും ദുർന്നടപ്പിന്റെ ശ്രൂതിയോ അനുസരണക്കേടോ ഇല്ലാത്തവിശ്വാസികളായ മക്കളുള്ളവനും ആയിരിക്കേണം (തീത്തോ 1:5-7).

പാസ്റ്റർ, മൂപ്പൻ, അദ്ധ്യക്ഷൻ ഇത് മൂന്നും ഒരേ പദവിതന്നെയാണോ എന്നതിനെക്കുറിച്ച് ഒരു ചർച്ച ആവശ്യമില്ല. ഇതെല്ലാം പലപേരുകളിൽ അറിയപ്പെടുന്നെങ്കിലും ഒരേ ഉത്തവാദിത്വം പേറുന്ന ഒരു സ്ഥാനപ്പേര്തന്നെയാണ്. ഒരു മൂപ്പന്റേയും കാര്യവിചാരകന്റേയും കർത്തവ്യം പുതിയനിയമത്തിന്റെ പ്രമാണമനുസരിച്ച് ഒരു പാസ്റ്ററുടെ ചുമതലതന്നെയാണ്.

## സഭാപരിപാലനം
## (Church Governance)

പാസ്റ്റർ/മൂപ്പൻ/അദ്ധ്യക്ഷൻ/ഇവർക്ക് സഭയെക്കുറിച്ചുള്ള ആത്മികമായ ചുമതല മാത്രമല്ല ഭരണം നിർവ്വഹിക്കാനുള്ള അധികാരംകൂടി നൽകിയിരിക്കുന്നു. ഇവരുടെ അധികാരത്തെ സഭ അംഗീകരിക്കുകതന്നെ വേണം.

> നിങ്ങളെ നടത്തുന്നവരെ അനുസരിച്ച് കീഴടങ്ങിയിരിപ്പിൻ; അവർ കണക്കുബോധിപ്പിക്കേുന്നവരാകയാൽ നിങ്ങളുടെ ആത്മാക്കൾക്കു വേ ി ജാഗരിച്ചിരിക്കുന്നു (എബ്രാ 13:17).

ദൈവത്തിനുവിധേയപ്പെടാത്ത ഒരു പാസ്റ്ററുടെ മുമ്പിൽ നിങ്ങൾ നിങ്ങളെ വിധേയപ്പെടുത്തരുത്, എന്നാൽ ഒരു പാസ്റ്ററും പൂർണ്ണനല്ലായെന്ന് കൂടി അറിഞ്ഞിരിക്കണം.

ഒരു പിതാവിന് കുടുംബത്തിലുള്ള അധികാരം എപ്രകാരമോ അപ്രകാരം ഒരു പാസ്റ്റർക്ക്/മൂപ്പന്/അദ്ധ്യക്ഷന് തന്റെ സഭയിൽ അധികാരമു്.

> എന്നാൽ അദ്ധ്യക്ഷൻ നിരപവാദ്യനായി ഏകഭാര്യയുടെ ഭർത്താവും നിർമ്മദനും ജിതേന്ദ്രിയനും, സുശീലനും, അതിഥിപ്രിയനും, ഉപദേശിപ്പാൻ സമർത്ഥനും ആയിരിക്കേണം. മദ്യപ്രിയനും തല്ലുകാരനും അരുത്; ശാന്തനും കലഹിക്കാത്തവനും ഭരിക്കുന്നവനും മക്കളെപൂർണ്ണഗൗരവത്തോടെ അനുസരണത്തിൽ പാലിക്കുന്നവനും ആയിരിക്കേണം. സ്വന്തകുടുംബത്തെ ഭരിപ്പാൻ അറിയാത്തവൻ ദൈവസഭയെ എങ്ങനെ പരിപാലിക്കും? (1 തിമോ 3:2-5).

പൗലോസ് തുടർന്നും പറയുന്നു:

> നന്നായി ഭരിക്കുന്ന മൂപ്പന്മാരെ, പ്രത്യേകം വചനത്തിലും, ഉപദേശത്തിലും അദ്ധ്വാനിക്കുന്നവരെ തന്നെ, ഇരട്ടിമാനത്തിനു യോഗ്യരായി എണ്ണുക (1 തിമോ 5: 17).

മൂപ്പന്മാരാണ് സഭയെ പൂർണ്ണമായി നിയന്ത്രിക്കുന്നത്.

## വചനപ്രകാരമല്ലാത്ത മൂപ്പന്മാർ
## (Unscriptural Elders)

മൂപ്പന്മാരുടെ സംഘമാണ് സഭ ഭരിക്കുന്നത്. അതുകൊ് സഭാഭരണം വചനാടിസ്ഥാനത്തിലാണെന്ന് പലസഭകളും അഭിപ്രായപ്പെടുന്നു. ഇതുതെറ്റല്ല എന്നാൽ മൂപ്പന്മാരെക്കുറിച്ചുള്ള സഭയുടെ ധാരണയാണ് തെറ്റ്. ഈ മൂപ്പന്മാരെ കൂട്ടായ്മകളിൽ നിന്ന് കാലാവധിയുടെ വ്യവസ്ഥയിൽ തിരഞ്ഞെടുക്കുന്നു. ഇവരെ തിരഞ്ഞെടുക്കപ്പെട്ടവരുടെ സംഘം (The Board of Electors) എന്നു പറയുന്നു. ഈ മൂപ്പന്മാർ വചനാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ടവരല്ലാ എന്നതാണ് ദോഷം. ഒരു മൂപ്പന് ഉായിരിക്കേ പ്രാഥമിക യോഗ്യതകൾ പൗലോസ് വിവരിക്കുന്നു. ഒരു മൂപ്പൻ പൂർണ്ണസമയം ഉപദേശത്തിലും പ്രബോധനത്തിലും മുഴുകണം, കൂടാതെ സഭാപരിപാലനത്തിൽ മുഖ്യപങ്കും ഉായിരിക്കണം (1 തിമോ 3:4-5, 5:17-18, തിത്തോ 1:9) ഇന്ന് സഭയിൽ ഭരണസാരഥ്യത്തിൽ ആയിരിക്കുന്നവരിൽ ഭൂരിഭാഗവും ആ പദവിയ്ക്ക് യോഗ്യതയുള്ളവർ അല്ല. അവർക്ക് വേതനം നൽകുന്നില്ല, അവർ പ്രസംഗിക്കുകയോ, പ്രബോധിപ്പിക്കുകയോ ചെയ്യുന്നില്ല. സഭയിൽ പൂർണ്ണസമയം പ്രവർത്തിക്കാനോ, സഭയെ പരിപാലിക്കാനോ അവർക്ക് കഴിയുന്നില്ല.

വചനാടിസ്ഥാനമില്ലാത്ത ഭരണമാണ് ഇന്നത്തെസഭയുടെ വലിയ പ്രശ്നം. യോഗ്യതയില്ലാത്തവർ സഭയെ ഭരിക്കുമ്പോൾ പ്രശ്നങ്ങൾ ഉാകുന്നു.

ഇത് ശണ്ഠയ്ക്കും അനുരഞ്ജനത്തിനും തുടർന്നു സഭയുടെ നാശത്തിനും വഴിതെളിക്കുന്നു. വചനാടിസ്ഥാനം ഇല്ലാതെ തെരഞ്ഞെടുക്കപ്പെടുന്ന മുപ്പന്മാരുടെ ഭരണം പിശാചിന്റെ ചവിട്ടുമെത്തയാണ്.

പ്രാമാണികസഭയിലേയും, ഹൗസ് ചർച്ചുകളിലേയും പ ാസ്റ്റർമാർക്കാണ് ഞാൻ ഇതെഴുതുന്നതെന്ന് എനിക്കറിയാം. വചനാടിസ്ഥാനമില്ലാതെ നിയോഗിക്കപ്പെടുന്ന മൂപ്പന്മാരാൽ ഭരിക്കപ്പെടുന്ന സഭയിൽ ശുശ്രുഷിക്കുന്ന പാസ്റ്റർമാർ ആയിരിക്കാം നിങ്ങൾ. വചനാടിസ്ഥാന മില്ലാത്ത മൂപ്പന്മാരുടെ ഭരണം ഒരു വിപ്ലവത്തിലുടെമാത്രമേ മാറ്റുവാൻ കഴിയുകയുള്ളു. ഇങ്ങനെയുള്ള സഭകളിൽ ശുശ്രൂഷിക്കുന്ന ഇടയന്മാർ ദൈവത്തിൻ ആശ്രയിച്ചുകൊ് ഈ ഭരണഘടന മാറ്റിയെടുക്കുവാൻ ശ്രമിക്കണം, താത്കാലികമായ ഒരു വിപ്ലവം ഉാകാം സാരമില്ല, ഇത് ഇങ്ങനെ അവസാനിപ്പിച്ചില്ലായെങ്കിൽ ഭാവിയിൽ ഇത് നിരന്തര ശണ്ഠക്ക് കാരണമായി സഭ നശിക്കുവാൻ ഇടവരും. ഇതിൽ ഇടയൻ പരാജയപ്പെട്ടാൽ പുതിയൊരു സഭ ഉാക്കാം, തുടക്കത്തിൽത്തന്നെ വചനാടിസ്ഥാനത്തിലുള്ള ഭരണസംവിധാനം തുടരാം.

വേദനാജനകമായ അവസ്ഥകൾ വന്നുചേരാമെങ്കിലും ദൈവത്തിനു വേി കൂടുതൽ ഫലം കായിക്കുവാൻ കഴിയും. ഈ രീതിയിൽ ഭരിക്കപ്പെടുമ്പോൾ അതിന്റെ സാരഥികൾ ക്രിസ്തുവിന്റെ യഥാർത്ഥ ശിഷ്യന്മാരായി മാറും വചനാടിസ്ഥാനത്തിൽ ഉറച്ചുകൊ് ആവശ്യമായ മാറ്റങ്ങൾ വരുത്തി, ഭരണം ഉറപ്പുവരുത്താം.

## മൂപ്പൻമാരുടെ ബഹുത്വം?
## (The Plurality of Elders?)

മൂപ്പന്മാർ എന്ന പ്രയോഗം ബഹുവചനത്തിലാണ് വേദപുസ്തകത്തിൽ ഉപയോഗിച്ചിരിക്കുന്നതെന്നാണ് പൊതുവായ അഭിപ്രായം, തന്മൂലം മൂപ്പൻ/ഇടയൻ/അദ്ധ്യക്ഷൻ ഇങ്ങനെ ഏകന്റെ സഭാ നേതൃത്വം വചനപരമല്ല. എന്നാൽ എന്റെ അഭിപ്രായത്തിൽ ഇതിന് ഒരു തെളിവുനൽകാൻ കഴിയുകയില്ല. ചിലപട്ടണങ്ങളിൽ ഒന്നിലധികം സഭാദ്ധ്യക്ഷന്മാരുടെ നേതൃത്വത്തിൽ സഭ പരിപാലിക്കപ്പെടുന്നു്.എന്നാൽ ഇവരെല്ലാം അധികാരത്തിൽ തുല്യരല്ല. പൗലോസ് എഫസോസിൽനിന്നും മുപ്പന്മാരെ വരുത്തി (അപ്ര 20:17). ആയിരക്കണക്കിന് ആളുകൽ പ ല പട്ടണങ്ങളിൽനിന്നും വന്നു. എഫസോസിൽ അനേക ഭവന ആലയങ്ങളും വിശ്വാസികളും ഉായിരുന്നു (അപ്ര 19:19). ഭവന ആലയങ്ങളുടെ പരിപാലന ത്തിനായി അനേകം മൂപ്പന്മാരും ഉായിരുന്നു.

ആയലങ്ങളുടെ പരിപാലനത്തിന് കമ്മിറ്റി രൂപീകരിച്ചതായി വചന ത്തിൽ തെളിവില്ല. യിസ്രായേൽ ജനത്തെ മിസ്രയീമിൽനിന്നു വിടുവിക്കുവാൻ ദൈവം മോശയെ നേതാവായി തിരഞ്ഞെടുത്തു. ചെറിയ ഗ്രൂപ്പുകളുടെ നേതൃത്വം അവർക്ക് ഏല്പിക്കപ്പെട്ടിരുന്നു. എന്നാൽ അവരെല്ലാം മോശയ്ക്ക്

വിധേയപ്പെട്ടിരുന്നു. ഭരണത്തിന്റെ സംവിധാനം വചനത്തിൽ ആവർത്തിക്കപ്പെട്ടിരിക്കുന്നതായി കാണാം. എന്നാൽ അവർക്കെല്ലാം മോശയെപ്പോലെ അവരുടെ ഗ്രൂപ്പുകളിന്മേൽ വ്യക്തിപരമായ ഉത്തവാദിത്തം ഉായിരുന്നു. ഈ ക്രമം തിരുവചനത്തിൽ ആവർത്തിക്കപ്പെട്ടിരിക്കുന്നുതു കാണാം. ദൈവം ഒരുവനെ വിളിച്ചുവേർതിരിച്ച് ചുമതലപ്പെട്ട ഒരു പ്രവൃത്തി ഏല്പിക്കുന്നു, ഈ മനുഷ്യനെ സഹായിക്കാൻ മറ്റനേകരെ വിളിക്കുന്നു. ഇരുപതുപേർ അടങ്ങുന്ന ഒരു സഭയെ ഭരിക്കാൻ ദൈവം മൂപ്പന്മാരുടെ ഒരു കമ്മിറ്റിരൂപീകരിച്ച് ഉത്തവാദിത്തം ഏല്പിക്കാറില്ല. ഇങ്ങനെ ചെയ്താൻ അത് ഭിന്നതയെ ക്ഷണിച്ചുവരുത്തുകയേയുള്ളു.

ഒരൊറ്റമൂപ്പനായിരിക്കണം ഒരു ഹൗസ്ചർച്ചിനെ പരിപാലിക്കേത് എന്നല്ല ഇതിന്റെ അർത്ഥം. ഒന്നിലധികം മുപ്പന്മാരുങ്കെിൽ പ്രായം കുറഞ്ഞ മൂപ്പൻ ആത്മീകമായി പക്വതനേടിയ മുതിർന്ന മൂപ്പന് കീഴ്പ്പെട്ടിരിക്കണം. ബൈബിൾ കോളേജുകളല്ല, സഭകളാണ് മൂപ്പന്മാരുടേയും ഇടയന്മാരുടേയും പരിശീലനക്കളരി. ഒന്നിലധികം മൂപ്പന്മാർ/ഇടയന്മാർ/അദ്ധ്യക്ഷന്മാർ സഭയിലുാകുന്നത് സ്വാഭാവികമാണ്, സ്വാഗതാർഹമാണ്. ആത്മികമായി പക്വതപ്രാപിച്ച ഇവർക്ക് പ്രായം കുറഞ്ഞ പക്വത എത്താത്തവരെ പരിശീലിപ്പിച്ച് ഈ പദവികളിൽ ഉറപ്പിക്കുവാൻ കഴിയും.

തുല്യസ്ഥാനമുള്ള മുപ്പന്മാരാൽ ഭരിക്കപ്പെടുന്ന സഭകളിലും ഇത് സാധാരണമാണ്. ഉത്തരവാദിത്തം മൂതിർന്ന ഒരു മൂപ്പനിൽ നിക്ഷിപ്തമാണ്. സഭയിൽ മൂപ്പന്മാർ പലരുങ്കെിലും നേതൃത്വം ഒരുവനിലായിരിക്കും. ഈ സംവിധാനം സഭയിലെ ശണ്ഠ ഒഴിവാക്കാൻ സഹായിക്കും. കമ്മിറ്റിയിൽ പോലും ഒരുവനെ അദ്ധ്യക്ഷനായി തെരഞ്ഞെടുക്കാറു്. ഒരു ഗ്രൂപ്പിൽ തുല്യപദവിയുള്ളവർ ഒന്നിച്ചു പ്രവർത്തിക്കുമ്പോൾ അതിൽനിന്ന് ഒരുവൻ നേ താവാകണം എന്ന ആവശ്യം ഉയരും, ഇത് ഒരു സഭയെ സംബന്ധിച്ചിടത്തോളവും സത്യമാണ്.

സഭയിൽ മൂപ്പന്മാരുടെ ഉത്തവാദിത്വം കുടുംബത്തെ നന്നായി പ രിപാലിക്കുന്ന ഒരു പിതാവിന്റെ ഉത്തവാദിത്വത്തിന് സമാനമാണ് (1 തിമോ 3:4-5). സ്വകുടുംബത്തെ നന്നായി പരിപാലിക്കാത്തവൻ സഭയെ പ രിപാലിക്കാൻ യോഗ്യനല്ല. ഒരു കുടുംബത്തിൽ ര് പിതാക്കന്മാർ ഉായാൽ, അവിടെ പ്രശ്നങ്ങൾ ഒഴിഞ്ഞ സമയം ഉായിരിക്കുകയില്ല.

സഭയിൽ മൂപ്പന്മാർ തമ്മിൽ പരസ്പരം നിരന്തരമായ ഒരു ബന്ധം ഉ ായിരിക്കണം.അത് പ്രശ്നങ്ങളെ പരിഹരിക്കാൻ സഹായിക്കും. പ രിപാലനത്തെക്കുറിച്ച് പൗലോസ് പറഞ്ഞിരിക്കുന്നു. മറ്റു വരപ്രാപ്തരായ ശുശ്രൂഷകന്മാരുമായി മൂപ്പന്മാർക്കുള്ള ഒരു കൂട്ടായ്മയാണിത്, സഭയിലെ മൂപ്പൻ, തെറ്റ് ചെയ്താൽ പരിഹാരം നിർദ്ദേശിക്കാൻ സഭാ സ്ഥാപകനായ അപ്പോസ്തലന് അവകാശമു്.

എന്നാൽ പ്രാമാണിക സഭയിലെ പാസ്റ്ററുടെ ജീവിതത്തിൽ ഒരു വീഴ്ചവന്നാൽ പ്രശ്നം കൂടുതൽ സങ്കീർണ്ണമാകുകയേയുള്ളു. കാരണം സഭയുടെ ഘടന അത്തരത്തിൽ ഉള്ളതാണ്. സഭാ കെട്ടിടങ്ങളും പ്രോഗ്രാമുകളും ഉള്ളതുകൊ് ഇടയനുായ വീഴ്ചയെ പെട്ടെന്ന് പരിഹരിക്കാൻ പ്രയാസമാണ്. എന്നാൽ ഹൗസ് ചർച്ചിലുള്ള ഒരു ഇടയനുവീഴ്ചവന്നാൽ പെട്ടെന്നു പരിഹരിക്കാം. സഭയിലെ അംഗങ്ങൾക്ക് മറ്റൊന്നിനോടുചേരാൻ കഴിയും.

## ശുശ്രൂഷയ്ക്കുള്ള അധികാരം
## (Authority to Serve)

ഒരു ഇടയന് ദൈവം ആത്മികവും ഭരണപരവുമായ അധികാരം നൽകിയിരിക്കുന്നു; ഇത് ഒരിക്കലും തന്റെ പരമാധികാരം സ്ഥാപിക്കാനുള്ള അവകാശമല്ല. ഇടയൻ ആടുകളുടെ ദൈവമല്ല, ആടുകളുടെ കർത്താവ് യേശുവാണ്. ആടുകൾ ദൈവത്തിന്റേതാണ്, ഇടയന്റേതല്ല.

> നിങ്ങളുടെ വിചാരണയിലുള്ള ദൈവത്തിന്റെ ആട്ടിൻകൂട്ടത്തെ മേയിച്ചുകൊൾവിൻ. നിർബ്ബന്ധത്താലല്ല, ദൈവത്തിനുഹിതമാംവണ്ണം മനപൂർവ്വമായും ദുരാഗ്രഹത്തോടെയല്ല ഉന്മേഷത്തോടെയും ഇടവകകളുടെ മേൽ കർത്തൃത്വം നൽകുന്നവരായിട്ടല്ല, ആട്ടിൽകൂട്ടത്തിന്റെ മാതൃകകളായിത്തിർന്നുകൊും അദ്ധ്യക്ഷത ചെയ്വിൻ; എന്നാൽ ഇടയശ്രേഷ്ടൻ പ്രത്യക്ഷനാകുമ്പോൾ നിങ്ങൾ തേജസ്സിന്റെ വാടാത്ത കിരീടം പ്രാപിക്കും. (1 പത്രോ 5:2-4).

ഓരോ ഇടയനും ന്യായാസനത്തിന് മുമ്പിൽ കണക്കു ബോധിപ്പിക്കേതായിവരും. സാമ്പത്തിക വിഷയം ഒരു മൂപ്പനോ / ഇടയനോ / അദ്ധ്യക്ഷനോ തനിച്ച് കൈകാര്യം ചെയ്യരുത്. പതിവായോ, വല്ലപ്പോഴുമോ പിരിച്ചെടുക്കുന്ന പണത്തിന്റെ കണക്ക് സഭയെ ബോധ്യപ്പെടുത്തേതാണ് (2 കൊരി 8:18-23) പണം കൈകാര്യം ചെയ്യാൻ തിരഞ്ഞെടുക്കപ്പെട്ടതോ നിയോഗിക്കപ്പെട്ടതോ ആയ ഒരു സമിതി ഉായിരിക്കണം.

## വേതനം പറ്റുന്ന മൂപ്പൻമാർ
## (Paying Elders)

പൂർണ്ണസമയം ശുശ്രുഷചെയ്യുന്ന മൂപ്പന്/ഇടയന്/അദ്ധ്യക്ഷന് വേതനം നൽകണമെന്ന് വചനം വ്യവസ്ഥ ചെയ്യുന്നു. പൗലോസ് എഴുതി:

> നന്നായി ഭരിക്കുന്ന മൂപ്പന്മാരെ പ്രത്യേകം വചനത്തിലും ഉപദേശത്തിലും അദ്ധ്വാനിക്കുന്നവരെ തന്നെ, ഇരട്ടി

മാനത്തിനുയോഗ്യരായി എണ്ണുക. മെതിക്കുന്ന കാളയ്ക്ക് മുഖകൊട്ട കെട്ടരുത് എന്നു തിരുവെഴുത്തു പറയുന്നു. വേലക്കാരൻ തന്റെ കൂലിക്കു യോഗ്യൻ എന്നും ഉണ്ടല്ലോ (1 തിമോ 5:17–18).

പൗലോസ് ഇവിടെ ഉപയോഗിക്കുന്ന വാക്ക് ശ്രദ്ധിക്കുക വേതനം അദ്ധ്വാനിക്കുന്നവരെ ഇരട്ടി മാനത്തിനുയോഗ്യരായി എണ്ണണമെന്ന് പ ൗലോസ് ഉപദേശിക്കുന്നു. സാമ്പത്തിക സഹായം നൽകേത് സഭയുടെ ഉത്തരവാദിത്വമാണെന്ന് പൗലോസ് പറയുന്നു.

സാക്ഷാൽ വിധവമാരായിരിക്കുന്നവരെ മാനിക്കുക (1 തിമോ 5:3–16). ഇവിടെ മാനിക്കുക എന്നതുകൊ് സാമ്പത്തികമായി സഹായിക്കുക എന്നാണർത്ഥം.

വചനത്തിലും ഉപദേശത്തിലും അദ്ധ്വാനിക്കുന്ന മൂപ്പന്മാരെ ഇരട്ടി മാനത്തിന് യോഗ്യരായി എണ്ണണം. പ്രാമാണിക സഭയിലെ ഇടയന് സാമ്പത്തിക സഹായം ലഭ്യമാണ്. എന്നാൽ ഹൗസ്ചർച്ചിന്റെ ഇടയന് സാമ്പത്തികമായ സഹായം ലഭ്യമല്ല, പ്രത്യേകിച്ചും പ ൗരസ്ത്യദേശവാസികൾക്ക്. ഭൂരിപക്ഷം ആളുകളും ഈ ഹൗസ്ചർച്ച് എന്ന ആശയത്തെ ഹൃദയത്തിൽ വെറുക്കുന്നവരാണ്. പലരും പ്രാമാണികസഭവിട്ട് ഹൗസ്ചർച്ചിന്റെ അംഗങ്ങളാകുന്നത് താത്പര്യം കൊല്ല, പ്രമാണികസഭയുടെ സമ്മർദ്ദത്തിൽ നിന്നു രക്ഷപ്പെടാൻ വേിയാണ്. സ്വർഗ്ഗത്തിൽ സമ്പാദ്യം ഉ ാക്കാൻ കാംക്ഷിക്കാതെ ഭൂമിയിൽ സമ്പത്ത് ശേഖരിക്കുന്നവർ യഥാർത്ഥത്തിൽ യേശുവിന്റെ ശിഷ്യന്മാരല്ല (മത്താ 6:19–24, ലൂക്കോ 14:33). ഒരുവന്റെ ക്രിസ്തീയജീവിതം തന്റെ സമ്പത്തുമായി ബന്ധമില്ലാത്തതായാൽ അവൻ ഒരു ക്രിസ്ത്യാനിയേയല്ല.

വചനപ്രകാരം നിലനിൽക്കുന്നതാണ് ഹൗസ്ചർച്ചുകൾ എന്ന് അവകാശപ്പെടുന്നവർ ഇടയനെ സാമ്പത്തികമായി സഹായിക്കുന്നതോടൊപ്പം നിർദ്ധനരെ സഹായിക്കുകയും, ശുശ്രൂഷകളെ താങ്ങുകയും വേണം. സാമ്പത്തിക കാര്യങ്ങളിൽ പ്രാമാണിക സഭകളെക്കാൾ ഹൗസ്ചർച്ചുകൾക്ക് അവസരം കൂടുതൽ ് കാരണം അവർക്ക് കെട്ടിടങ്ങളോ, വേതനം പറ്റുന്ന സ്റ്റാഫുകളോ ഇല്ലാത്തതുകൊ് ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് വേി അവരുടെ സമ്പത്ത് ഉപയോഗിക്കുവാൻ കഴിയും. തൊണ്ണൂറ് ശതമാനം വിശ്വാസികളും ദശാംശം മാത്രം കൊടുക്കുന്നവരാണ്. പത്തുശതമാനം വിശ്വാസികൾ മാത്രമാണ് ദശാംശത്തിലുപരി എന്തെങ്കിലും നൽകാൻ തയ്യാറാകുന്നത്. പത്തുപേർ അവരുടെ വരുമാനത്തിന്റെ ഇരുപതുശതമാനം ന ൽകിയാൽ ഒരു പാസ്റ്റർക്കും അതേ നിലവാരത്തിൽ ജീവിക്കുന്ന ഒരു മിഷിനറിക്കും സുഖമായി ജീവിക്കുവാനുള്ള വരുമാനം ലഭിക്കും.

## ഇടയന്മാർ എന്ത് ചെയ്യുന്നു?
## (What do pastors do?)

താഴെ കൊടുത്തിരിക്കുന്നവ ആരുടെ കർത്തവ്യമാണ് എന്ന് ഒരു വിശ്വാസിയോടുചോദിക്കുന്നതായി സങ്കൽപിക്കുക. രക്ഷിക്കപ്പെടാത്തവരോടു സുവിശേഷം പറയേത് ആരാണ്? മറ്റു വിശ്വാസികളെ പ്രോത്സാഹിപ്പിക്കുക, സഹായിക്കുക, ഉപദേശിക്കുക, ഇതൊക്കെ ആരുടെ ചുമതലയാണ്? രോഗികളെ സന്ദർശിക്കുക, തലയിൽ കരംവച്ച് രോഗിക്ക് സൗഖ്യം കൊടുക്കുക, മറ്റുള്ളവരുടെ ഭാരം ചുമക്കുക, സഭയ്ക്കുവേ കൃപാവരങ്ങൾ ഉപയോഗിക്കുക, ദൈവരാജ്യത്തിനായി തന്നെത്താൻ ത്യജിക്കുക, ശിഷ്യന്മാരെ കത്തെി സ്നാനപ്പെടുത്തുക, ശിഷ്യന്മാരെ കല്പനകൾ അനുസരിക്കാൻ പഠിപ്പിക്കുക.

ഒരു സഭാ വിശ്വാസിയോടു ഈ ചോദ്യങ്ങൾ ചോദിച്ചാൽ പെട്ടെന്ന് ഉത്തരം ലഭിക്കും ''ഇതൊക്കെ പാസ്റ്ററുടെ ചുമതലയാണ്'' എന്നാൽ ഇത് പ ാസ്റ്ററുടെ ചുമതലയാണോ?

ഓരോ വിശ്വാസിയും രക്ഷിക്കപ്പെടാത്തവരോടു സുവിശേഷം പ ങ്കുവയ്ക്കണമെന്ന് വചനം പറയുന്നു.

> നിങ്ങളിലുള്ള പ്രത്യാശയെക്കുറിച്ച് ന്യായം ചോദിക്കുന്ന ഏവനോടും സൗമ്യതയും ഭയഭക്തിയും പൂ പ്രതിവാദം പറവാൻ എപ്പോഴും ഒരുങ്ങിയിരിപ്പിൻ (1 പത്രോ 3:15).

> ഓരോ വിശ്വാസിയും വിശുദ്ധജീവിതം നയിക്കാൻ കടപ്പെട്ടിരിക്കുന്നു.

> നിങ്ങളെ വിളിച്ച വിശുദ്ധന്നു ഒത്തവണ്ണം അനുസരണമുള്ള മക്കളായി എല്ലാ നടപ്പിലും വിശുദ്ധരാകുവിൻ, ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ (1 പത്രോ 1: 15–16).

ഓരോ വിശ്വാസിയും പ്രാർത്ഥിക്കണം.

''എപ്പോഴും സന്തോഷിപ്പിൻ, ഇടവിടാതെ പ്രാർത്ഥിപ്പിൻ'' (1 തെസ് 5:16–17). ഓരോ വിശ്വാസിയും മറ്റുവിശ്വാസികളെ ഉപദേശിക്കണം, സഹായിക്കണം, പ്രോത്സാഹിപ്പിക്കണം.

> സഹോദരന്മാരെ, ഞങ്ങൾ നിങ്ങളെ പ്രബോധിപ്പിക്കുന്നതു: ക്രമം കെട്ടവരെ ബുദ്ധിഉപദേശിപ്പിൻ: ഉൾക്കരുത്ത് ഇല്ലാത്തവരെ ധൈര്യപ്പെടുത്തുവിൻ, ബലഹീനരെ താങ്ങുവിൻ, എല്ലാവരോടും ദീർഘക്ഷമ കാണിപ്പിൻ (1 തെസ് 5:14).

ഓരോ വിശ്വാസിയും രോഗികളെ സന്ദർശിക്കണം.

> ഞാൻ നഗ്നയായിരുന്നു; നിങ്ങൾ എന്നെ ഉടുപ്പിച്ചു; രോഗിയായിരുന്നു നിങ്ങൾ എന്നെ കാണുവാൻ വന്നു, തടവിലായിരുന്നു നിങ്ങൾ എന്റെ അടുക്കൽ വന്നു (മത്താ :25:36).

## കൂടുതൽ ഉത്തവാദിത്വങ്ങൾ
## (More Responsibilities)

ഓരൊ വിശ്വാസിയും രോഗിയുടെ മേൽ കൈവച്ച് പ്രാർത്ഥിച്ച് സൗഖ്യം കൊടുക്കണം. വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും:

എന്റെ നാമത്തിൽ അവർ ഭൂതങ്ങളെ പുറത്താക്കും, പുതുഭാഷകളിൽ സംസാരിക്കും, സർപ്പങ്ങളെ പിടിച്ചെടുക്കും, മരണകരമായ യാതൊന്നു കുടിച്ചാലും അവർക്കുഹാനി വരികയില്ല. (മർക്കോ 16:17-18).

ഓരോ വിശ്വാസിയും കൂട്ടുവിശ്വാസിയുടെ ഭാരം ചുമക്കണം.

തമ്മിൽ തമ്മിൽ ഭാരങ്ങളെ ചുമപ്പിൻ. ഇങ്ങനെ ക്രിസ്തുവിന്റെ ന്യായപ്രമാണം നിവർത്തിപ്പിൻ (ഗലാ 6:2).

ഓരോ വിശ്വാസിയും തങ്ങളുടെ കൃപകളെ മറ്റുള്ളവർക്കുവേി പ്രകാശിപ്പിക്കണം.

ആകയാൽ നമുക്ക് ലഭിച്ച കൃപയ്ക്ക് ഒത്തവണ്ണം വെവ്വേറെ വരം ഉള്ളതുകൊ് പ്രവചനം എങ്കിൽ വിശ്വാസത്തിന് ഒത്തവണ്ണം, ശുശ്രൂഷ എങ്കിൽ ശുശ്രുഷയിൽ, ഉപദേശിക്കുന്നവൻ എങ്കിൽ ഉപദേശത്തിൽ, പ്രബോധിപ്പിക്കുന്നവൻ എങ്കിൽ പ്രബോധനത്തിൽ, ദാനം ചെയ്യുന്നവൻ ഏകാഗ്രതയോടെ, ഭരിക്കുന്നവൻ ഉത്സാഹത്തോടെ, കരുണചെയ്യുന്നവൻ പ്രസന്നതയോടെ ആകട്ടെ (റോമ: 12:6-8).

എല്ലാ വിശ്വാസികളും സ്വയം ത്യജിച്ച് സുവിശേഷത്തിനായി സമർപ്പിക്കപ്പെടണം.

പിന്നെ അവൻ പുരുഷാരത്തെയും തന്റെ ശിഷ്യന്മാരെയും അരികെ വിളിച്ചു അവരോടു പറഞ്ഞത്: ഒരുവൻ എന്നെ അനുഗമിപ്പാൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ ത്യജിച്ച് തന്റെ ക്രൂശ് എടുത്തുകൊ് എന്നെ അനുഗമിക്കട്ടെ. ആരെങ്കിലും തന്റെ ജീവനെ രക്ഷിപ്പാൻ ഇച്ഛിച്ചാൽ അതിനെ കളയും; ആരെങ്കിലും എന്റേയും സുവിശേഷത്തിന്റേയും നിമിത്തം തന്റെ ജീവനെകളഞ്ഞാൽ അതിനെ രക്ഷിക്കും(മർക്കോ 8:34-35).

ഓരോ വിശ്വാസിയും ശിഷ്യന്മാരെ നേടുകയും അവരെ സ്നാനപ്പെടുത്തി കർത്താവിന്റെ കല്പനകൾ അനുസരിക്കാൻ പ ഠിപ്പിക്കുകയും വേണം.

ആകയാൽ ഈ ഏറ്റവും ചെറിയ കല്പനകളിൽ ഒന്നു അഴിക്കയും മന ുഷ്യരെ അങ്ങനെ പഠിപ്പിക്കയും ചെയ്യുന്നവൻ സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും ചെറിയവൻ എന്നുവിളിക്കപ്പെടും, അവയെ

ആചരിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവനോ സ്വർഗ്ഗരാജ്യത്തിൽ വലിയവൻ എന്നു വിളിക്കപ്പെടും (മത്താ 5:19).

കാലം നോക്കിയാൽ ഇപ്പോൾ ഉപദേഷ്ടാക്കന്മാർ ആയിരിക്കേുന്ന നിങ്ങൾക്കു ദൈവത്തിന്റെ അരുളപ്പാടുകളുടെ ആദ്യപാഠങ്ങളെതന്നേ വീും ഉപദേശിച്ചുതരുവാൻ ആവശ്യമായിരിക്കുന്നു. കട്ടിയായുള്ള ആഹാരമല്ല, പാലത്രേ നിങ്ങൾക്കു ആവശ്യമെന്നു വന്നിരിക്കുന്നു (എബ്രാ 5:12)

ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും, പുത്രന്റേയും, പ രിശുദ്ധാത്മാവിന്റേയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതൊക്കേയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുകൊു സകലജാതികളേയും ശിഷ്യന്മാരാക്കിക്കൊൾവിൻ; ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെ ഉു എന്ന് അരുളിചെയ്തു[61] (മത്താ 28:19-20).

ഈ ഉത്തരവാദിത്വങ്ങളെല്ലാം ഓരോ വിശ്വാസിക്കും ഉള്ളതാണ്. എന്നാൽ പലരും ഇത് പാസ്റ്ററുടെ ചുമതലയാണ് എന്ന് തെറ്റിദ്ധരിച്ചിരിക്കുന്നു. ഒരു പാസ്റ്റർപോലും ഈ ഉത്തവാദിത്വം പ ാസ്റ്ററുടേതാണെന്ന് തെറ്റിദ്ധരിച്ചിരിക്കുന്നു.

## പാസ്റ്ററുടെ ചുമതലകൾ എന്തെല്ലാം?
## (So What are Pastors Supposed to be?)

ചുമതലകളെല്ലാം വിശ്വാസിയിൽ നിക്ഷിപ്തമാണെങ്കിൽ പിന്നെ പ ാസ്റ്ററുടെ ജോലി എന്താണ്? വിശ്വാസികൾ ചെയ്യുവാൻ കടപ്പെട്ടിരിക്കുന്ന കർത്തവ്യങ്ങൾ ചെയ്യുവാൻ അവരെ പ്രാപ്തരാക്കുക എന്നതാണ് ഒരു പ ാസ്റ്ററുടെ ചുമതല (എഫേ 4:11-12). യേശുവിന്റെ കല്പനകളെ അനുസരിക്കാൻ (മത്താ 28: 19-20) സ്വന്തജീവിതത്തിൽ മാതൃകകാണിച്ച് വിശ്വാസികളെ പഠിപ്പിക്കണം (1 തിമോ 3:2, 4:12-13, 5:17 2തിമോ 2:2, 3:16, 4:4, 1 പത്രോ 5: 1-4).

''വിശുദ്ധാരാധനയ്ക്ക് പരമാവധി ജനത്തെ കൂട്ടിവരുത്തുന്നതല്ല ഒരു പാസ്റ്ററുടെ ചുമതല; ഓരോരുത്തരേയും ക്രിസ്തുവിൽ തികവുള്ളവരാക്കുകയാണ്'' (കൊലോ 1:28) വചനാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു പാസ്റ്റർ പത്ഥ്യോപദേശം വിട്ട് കർണ്ണരസമാകുമാറുള്ള ഉപദേശം ജനത്തിന് നൽകുകയില്ല (2 തിമോ 4:3) അവർ ജനത്തെ ദൈവവചനാടിസ്ഥാനത്തിൽ ദീർഘക്ഷമയോടും ഉപദേശത്തോടും കൂടെ

---

61 . യേശു പഠിപ്പിച്ചത് തന്റെ ശിഷ്യന്മാർ പഠിക്കണമെന്ന് യേശു ആഗ്രഹിച്ചു. തന്മൂലം സ്നാനവും ഉപദേശവും യേശുവിന്റെ ശിഷ്യന്മാരുടെ ഒരു തുടർമാന ഉപദേശത്തിന്റെ ചുമതലയായിമാറി.

ശാസിച്ച്, തർജ്ജനം ചെയ്ത്, പ്രബോധിപ്പിച്ച്, പത്ഥ്യോപദേശത്തിൽ വളർത്തിക്കൊുവരും (2 തിമോ 3:16, 4:4).

തിമോത്തിയോസിന് എഴുതിയ ഒന്നാം ലേഖനത്തിൽ പൗലോസ് ഒരു പാസ്റ്റർക്ക് ഉായിരിക്കേ പ്രാഥമിക യോഗ്യതകളെ പ്രസ്താവിക്കുന്നു.

> ഒരുവൻ അദ്ധ്യക്ഷസ്ഥാനം കാംക്ഷിക്കുന്നു എങ്കിൽ നല്ല വേല ആഗ്രഹിക്കുന്നു എന്നുള്ളത് വിശ്വാസയോഗ്യംതന്നെ. എന്നാൽ അദ്ധ്യക്ഷൻ നിരപവാദ്യനായി ഏകഭാര്യയുടെ ഭർത്താവും നിർമ്മദനും, ജിതേന്ദ്രിയനും സുശീലനും അതിഥി പ്രിയനും ഉപദേശിപ്പാൻ സമർത്ഥനും ആയിരിക്കേണം. മദ്യപ്രിയനും തല്ലുകാരനും ആയിരിക്കരുത്. ശാന്തനും കലഹിക്കാത്തവനും ദ്രവ്യാഗ്രഹം ഇല്ലാത്തവനും സ്വന്തകൂടുംബത്തെ നന്നായി ഭരിക്കുന്നവനും മക്കളെ പൂർണ്ണഗൗരവത്തോടെ അനുസരണത്തിൽ പാലിക്കുന്നവനും ആയിരിക്കേണം. സ്വന്തകുടൂംബത്തെ ഭരിപ്പാൻ അറിയാത്തവൻ ദൈവസഭയെ എങ്ങനെ പരിപാലിക്കും? നിഗളിച്ചിട്ടുപിശാചിനു വന്ന ശിക്ഷിവിധിയിൽ അകപ്പെടാതിരിപ്പാൻ പുതിയ ശിഷ്യനും അരുത്. നിന്ദയിലും പിശാചിന്റെ കെണിയിലും കുടുങ്ങാതിരിപ്പാൻ പ ുറമെയുള്ളവരോടു നല്ല സാക്ഷ്യം പ്രാപിച്ചവനും ആയിരിക്കണം (1 തിമോ 3:1-7).

പ്രമാണികസഭകളിലെ പാസ്റ്റർക്ക് ഉള്ള യോഗ്യതകളെ മുകളിൽ നിർദ്ദേശിച്ച യോഗ്യതകളുമായി താരതമ്യപ്പെടുത്തുമ്പോൾ നിലവിലുള്ള സഭകളിലെ പ്രാഥമിക പ്രശ്നങ്ങൾക്കുകാരണമെന്താണെന്നുനമുക്ക് മനസ്സിലാക്കാം.

പ്രാമാണികസഭ തേടുന്ന ഒരു പാസ്റ്ററുടെ യോഗ്യതതികച്ചും വ്യത്യസ്ഥമാണ്, അവിടെ പാസ്റ്റർ ഒരു തൊഴിലാളിയാണ്. അതായത് ഒരു മാനേജർ/രസിപ്പിക്കുന്ന വൻ/ലഘുപ്രഭാഷകൻ/ഭരണാധികാരി/മനശാസ്ത്രജ്ഞൻ/വിവിധ പ്രവർത്ത നങ്ങളുടെ സംവിധായകൻ/പണം പിരിക്കുന്നവൻ/സകലരുടേയും സുഹൃത്ത്/ ഒരദ്ധ്വാനി - ഒരു പാസ്റ്ററെക്കുറിച്ച് നിലവിലുള്ള സംഘടനകളുടെ സങ്കൽപം ഇതൊക്കെയാണ്. എന്നാൽ വചനാടിസ്ഥാനത്തിൽ അദ്ധ്യക്ഷൻ/പാസ്റ്റർ/ഇതിലെല്ലാം ഉപരിയാണ്, താൻ നിർമ്മലസ്വഭാവമുള്ളവനും, ക്രിസ്തുവിനായി പൂർണ്ണമായി സമർപ്പിക്കപ്പെട്ടവനും, യഥാർത്ഥ ദാസനും ആയിരിക്കണം, കാരണം, തന്നെപ്പോലുള്ള അനേകരെ വാർത്തെടുക്കുന്നതാണ് തന്റെ ലക്ഷ്യം. ഞാൻ ക്രിസ്തുവിന്റെ അനുകാരി ആയിരിക്കുന്നതുപോലെ നിങ്ങളും എന്റെ അനുകാരികൾ ആകുവിൻ എന്നു ഒരു ഇടയന് ചങ്കൂറ്റത്തോടെ താൻ പ ാലിക്കുന്ന തന്റെ ആടുകളോടു പറയുവാനുള്ള ധൈര്യം ഉായിരിക്കണം (1 കൊരി 11:1).

പാസ്റ്ററുടെ ചുമതലകളെക്കുറിച്ച് കൂടുതൽ അറിയുവാൻ അപ്ര 20:28–31; 1 തിമോ, 5:17–20; തീത്തോ 1:5–9 ഈ വചനഭാഗങ്ങൾ നോക്കുക.

## ഒരു ഡീക്കന്റെ ചുമതല
## (The Office of Deacon)

അവസാനമായി ഡീക്കന്മാരെക്കുറിച്ച് ചിലകാര്യങ്ങൾ ചിന്തിക്കാം. ലോക്കൽ സഭയിലുള്ള മറ്റൊരു പദവിയാണ് ഡീക്കൻ. ഇതിന് മേൽപറഞ്ഞ അഞ്ചു തരം ശുശ്രൂഷകളുമായി യാതൊരു ബന്ധവുമില്ല. മൂപ്പന്മാരെപ്പോലെ സഭയെ ഭരിക്കുവാനുള്ള അവകാശം ഡീക്കന് ഇല്ല. ഡയാകോനോസ് എന്ന ഗ്രീക്കുപദം ഡീക്കൻ എന്നുവിവർത്തനം ചെയ്തിരിക്കുന്നു. ഈ പദത്തിന് 'ദാസൻ' (Servant) എന്നാണർത്ഥം.

യറുശലേം ദേവാലയത്തിൽ വിധവമാർക്കുവേി മേശമേൽ ശുശ്രൂഷചെയ്യുവാൻ തിരഞ്ഞെടുക്കപ്പെട്ട ഏഴുപേർ ആണ് ആദ്യത്തെ ഡീക്കന്മാരുടെ സ്ഥാനത്ത് പരിഗണിക്കപ്പെട്ടത് (അപ്ര:6:1–6). അപ്പോസ്തലന്മാരാൽ തിരഞ്ഞെടുക്കപ്പെട്ട അവർ കൂട്ടായ്മയിൽ ശുശ്രൂഷകരായി. ഇവരിൽ രുപേർ അതായത് ഫിലിപ്പോസും സ്തേഫാനോസും ശക്തന്മാരായ സുവിശേഷകന്മാരുടെ പദവിയിലേക്കു പ ില്കാലത്ത് ദൈവത്താൽ ഉയർത്തപ്പെട്ടു.

1 തിമോ 3:8–13, ഫിലിപ്പിയർ 1:1, എന്നീ വചനങ്ങളിൽ ഡീക്കന്മാരെക്കുറിച്ച് പ്രതിപാദിച്ചിട്ടു്. പുരുഷന്മാരെപ്പോലെ സ്ത്രീകൽക്കും ഈ പദവിയിൽ തുടരാം (1 തിമോ 3:11).